
www.malankaralibrary.com



# Hand Book for Altar Servers

**(വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്നവർക്കുള്ള ശുശ്രൂഷ സഹായി)**

*Published by Fr. Rector, St. Aloysius Minor Seminary Trivandrum, for the use of Altar Servers in the Malankara Syrian Catholic Church*

www.malankaralibrary.com

## Hand Book for the Altar Servers


- Prepared by : Fr. Dr. John Kuttiyil
- Published by : Rector
  St. Aloysius Minor Seminary
  Kesavadasapuram
  Trivandrum
- Layout
  & Printing : St. Mary's Press, Pattom


© Rector, St. Aloysius Minor Seminary

(Private Circulation only)

www.malankaralibrary.com

## വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരുടെ ഒരുക്ക പ്രാർത്ഥന



### 1. ദൈവാലയ പ്രവേശക പ്രാർത്ഥന:-

"ദൈവമേ ആദരപൂർവ്വം നിന്റെ ഭവനത്തിൽ വന്ന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും".

### 2. മദ്ബഹാ പ്രവേശക പ്രാർത്ഥന:-

പരിശുദ്ധ മദ്ബഹായുടെ വടക്കേ വാതിൽ മുത്തി, ത്രോണോസിന്റെ വലത്തുകോൺ ചുംബിക്കുന്നു.

"കർത്താവേ അവിടുത്തെ പരിശുദ്ധ മദ്ബഹായിലേക്ക് ഞാൻ കടന്നു വന്നിരിക്കുന്നു. എന്നെ മുഴുവനായും എന്റെ ശുശ്രൂഷകളേയും അങ്ങേ തിരുമുമ്പിൽ ഞാൻ സമർപ്പിക്കുന്നു. അങ്ങേ കൃപയാൽ എന്നെ നിറയ്ക്കണമേ".

തുടർന്ന് സാഷ്ടാംഗ പ്രണാമം നടത്തി കുരിശ് വരച്ച് കർത്തവ്യങ്ങളിലേക്ക് പ്രവേശിക്കുക.

### 3. ഒരുക്കമുറിയിലെ (Sacristy) ഒരുമിച്ചുള്ള പ്രാർത്ഥന

**ശുശ്രൂഷയ്ക്ക് പ്രവേശിക്കുന്നതിന് മുമ്പ് ശുശ്രൂഷകർ ഒരുമിച്ച് ഒരുക്കമുറിയിൽ (Sacristy) നടത്തേണ്ട പ്രാർത്ഥന**

ലീഡർ : പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേകദൈവത്തിന്റെ തിരുനാമത്തിൽ

എല്ലാവരും : ആമ്മേൻ

ലീഡർ : സർവശക്തനായ ദൈവമേ, അവിടുത്തെ മദ്ബഹായിൽ ശുശ്രൂഷകരായി ഞങ്ങളെ തെരഞ്ഞെടുത്തതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈ മദ്ബഹായിൽ വിശുദ്ധിയോടെ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. പരിശുദ്ധാത്മദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമെ. മാലാഖമാരേപ്പോലെ ഉണർവോടും ഉത്സാഹത്തോടുംകൂടെ നിരന്തരം അങ്ങയെ മഹത്വപ്പെടുത്തുവാനും അങ്ങേയ്ക്ക് സാക്ഷ്യം നൽകുവാനും ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങളുടെ ജീവിതത്തിന്റെ സമസ്ത മേഖലകളെയും വാഴ്ത്തി ശുദ്ധീകരിക്കണമെ. നിന്റെ ശുശ്രൂഷയ്ക്കായി ഞങ്ങളെ ഒരുക്കിയ ഞങ്ങളുടെ മാതാപിതാക്കളെയും വിശ്വാസ പരിശീലകരെയും ഈ ഇടവകയേയും അങ്ങ് കാത്തുകൊള്ളണമേ. പരിശുദ്ധ അമ്മേ, ദൈവമാതാവേ, ഞങ്ങളുടെ ജീവിതയാത്രയിൽ നീ എന്നും ഞങ്ങൾക്ക് മദ്ധ്യസ്ഥയായിരിക്കേണമേ. ആമ്മീൻ.

ലീഡർ : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ലീഡർ : കൃപനിറഞ്ഞ മറിയമേ...

ലീഡർ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

എല്ലാവരും : ആദിമുതൽ എന്നേക്കും, ആമ്മീൻ.

www.malankaralibrary.com

# ഉള്ളടക്കം


**വി. മദ്ബഹായിൽ ശുശ്രൂഷിക്കുന്നവരുടെ ഒരുക്ക പ്രാർത്ഥന** ........ 3
**അവതാരിക** ........ 5
**ആമുഖം** ........ 6
**വിശുദ്ധ കുർബാന** ........ 7
I. വ്യക്തിപരമായ ഒരുക്കം ........ 8
II. വി. കുർബാനയ്ക്ക് ഒരുക്കുന്നത് ........ 9
III. പഴയനിയമ വായന ........ 10
IV. അംശവസ്ത്രം എങ്ങനെ ധരിക്കുന്നു ........ 10
V. മദ്ബഹായിലേക്കുള്ള പ്രദക്ഷിണം ........ 11
VI. രഹസ്യ ശുശ്രൂഷ ........ 11
VII. പരസ്യശുശ്രൂഷയുടെ സമയത്ത് ........ 11
VIII. ദൈവമെ നീ പരിശുദ്ധനാകുന്നു ........ 12
IX. ഭൂവിലശേഷം.... പൗലോസ് ശ്ലീഹാ ........ 13
X. സുവിശേഷ വായന ........ 14
XI. പ്രുമിയോൻ, സെദറാ ........ 15
XII. ധൂപക്കുറ്റി വാഴ്വ് ........ 16
XIII. സമാധാനം ........ 17
XIV. സ്ഥാപന വചനങ്ങൾ ........ 17
XV. റൂഹാക്ഷണ പ്രാർത്ഥന ........ 18
XVI. മദ്ധ്യസ്ഥ പ്രാർത്ഥനകൾ ........ 18
XVII. അപ്പം മുറിക്കുന്ന ശുശ്രൂഷ ........ 19
XVIII. വി. രഹസ്യങ്ങളുടെ ആഘോഷം ........ 19
XIX. കുക്കിലിയോൻ ........ 20
XX. വിശുദ്ധ കുർബാനയുടെ പടിഞ്ഞാറോട്ടുള്ള വാഴ്വ് ........ 20
XXI. വിശുദ്ധ കുർബാന സ്വീകരണം ........ 21
XXII. വിശുദ്ധ കുർബാനയ്ക്ക് ശേഷം ........ 22
**കൂദാശകൾ** ........ 25
മാമോദീസ ........ 26
മൂറോനഭിഷേകം ........ 27
വിവാഹം ........ 28
രോഗീലേപനം ........ 29
**പെരുന്നാളുകൾ** ........ 30
ജനനപ്പെരുന്നാൾ (യൽദാ) ........ 31
ഓശാന ........ 33
ഹാശാ ആഴ്ച ........ 35
പെസഹാ ........ 36
ദുഃഖവെള്ളി ........ 36
ഉയിർപ്പ് ........ 40
ദനഹപ്പെരുന്നാൾ ........ 43
സ്വർഗാരോഹണം ........ 44
പെന്തിക്കൊസ്തി ........ 44
**കൂദാശാനുകരണങ്ങൾ** ........ 46
ഭവനാശീർവാദം ........ 47
മൃതസംസ്കാരം ........ 47
മരിച്ചവർക്കുവേണ്ടി ധൂപം വയ്ക്കുന്നത് ........ 49
**ആരാധനാ ക്രമത്തിലെ സുറിയാനി, ഗ്രീക്ക് പദങ്ങളുടെ അർത്ഥം** ........ 50

www.malankaralibrary.com

# THE SYRO-MALANKARA CATHOLIC CHURCH

## MAJOR ARCHDIOCESE OF TRIVANDRUM

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

# അവതാരിക

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തിനു നൽകുന്ന ഏറ്റവും ശ്രേഷ്ഠമായ സ്നേഹബഹുമാനാദരവാണ് ആരാധന. സൃഷ്ടികളുടെ എല്ലാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം ഉദാത്തമാണിത്. ക്രിസ്തീയ ആരാധന മാനുഷികമായ ഒരു പ്രവർത്തിയല്ല മറിച്ച് ക്രിസ്തുവിന്റെ മൗതീക ശരീരമായ സഭ പിതാവായ ദൈവത്തിന് പരിശുദ്ധാത്മാവ് വഴി സമർപ്പിക്കുന്ന ദൈവീക പ്രവർത്തിയാണ്. ഇതിൽ ഭാഗഭാക്കാകുക എന്നതുതന്നെ മഹത്തായ ഭാഗ്യമാണ്. ഈ ആരാധനയിൽ കാർമ്മികരും ശുശ്രൂഷകരുമാകാനുള്ള വിളി ലഭിച്ചവരാണ് ശുശ്രൂഷ ചെയ്യുക.

സഭാ പാരമ്പര്യമനുസരിച്ച് വി. കുർബാനയിലെ എല്ലാ ശുശ്രൂഷകളും പ്രത്യേകം പട്ടങ്ങൾ സ്വീകരിച്ചവരാണ് നിർവ്വഹിച്ചിരുന്നത്. ഈ ശുശ്രൂഷകളെല്ലാം തന്നെ ദൈവാരാധനയുടെ പൂർണ്ണതയ്ക്കാവശ്യമാണ്. വിവിധ ചെറുപട്ടങ്ങൾ വി. കുർബ്ബാനയുടെ മഹത്വത്തെയും അതിലെ ശുശ്രൂഷകളുടെ പ്രാധാന്യത്തെയും സൂചിപ്പിക്കുന്നു. കാലക്രമത്തിൽ ഇത്തരം പട്ടങ്ങൾ സ്വീകരിച്ചവരുടെ അഭാവത്തിൽ പട്ടം സ്വീകരിക്കാത്ത വിശ്വാസികൾ നിയോഗിക്കപ്പെട്ടു. ഇപ്രകാരം നിയുക്തരായവർ ഈ വലിയ ശുശ്രൂഷയെ ഏറ്റം ബഹുമാനത്തോടും, ഭക്തിയോടും, ഉത്തരവാദിത്വത്തോടും കൂടിയാണ് നിറവേറ്റിയത്. വിവിധ ആരാധന ശുശ്രൂഷകളിൽ പുരോഹിതരോടൊപ്പം ശുശ്രൂഷകരും നിർവ്വഹിക്കേണ്ട കാര്യങ്ങളുണ്ട്. ഇതിനെപ്പറ്റി വ്യക്തമായ ധാരണയുള്ള ശുശ്രൂഷകരുടെ സാന്നിധ്യം ആരാധനയുടെ ഭംഗിയായതും ചിട്ടയായതുമായ അനുഷ്ഠാനത്തിന് കാർമ്മികനെയും ദൈവജനത്തെയും സഹായിക്കുന്നു.

ഓരോ ശുശ്രൂഷകനും ഈ സഹായക ഗ്രന്ഥം വായിച്ച് ഒരുക്കുങ്ങുന്നത് ദൈവാരാധനയെ മികവുറ്റതാക്കും. ഇങ്ങനെയൊരു സഹായകഗ്രന്ഥം പുറത്തിറക്കുന്നതിന് നേതൃത്വം കൊടുത്ത മൈനർ സെമിനാരിയിലെ ബഹുമാനപ്പെട്ട വൈദികരെയും വിദ്യാർത്ഥികളെയും ഞാനഭിനന്ദിക്കുന്നു.

സെന്റ് അലോഷ്യസ് മൈനർ സെമിനാരി പുറത്തിറക്കുന്ന ഈ ഗ്രന്ഥത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചാൽ ശുശ്രൂഷകർക്കും വിശ്വാസികൾക്കും ആരാധനാനുഷ്ഠാനങ്ങൾ കൂടുതൽ അനുഭവവേദ്യമാകും എന്ന കാര്യത്തിൽ സംശയമില്ല. വി. മദ്ബഹായിലെ എല്ലാ ശുശ്രൂഷകർക്കും ദൈവാനുഗ്രഹം നേരുന്നു.

✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ
മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്

www.malankaralibrary.com

# ആമുഖം

ആരാധക്രമാധിഷ്ഠിതമായ ആദ്ധ്യാത്മികതയാണ് മലങ്കര സഭയുടേത്. ആരാധനാക്രമത്തിന്റെ ചിട്ടയായ അനുഷ്ഠാനം ആത്മീയ അനുഭവം വർദ്ധിപ്പിക്കും. ആരാധനാനുഷ്ഠാനങ്ങളുടെ പരികർമ്മികളായ പുരോഹിതരോടൊപ്പം പരിചാരകരായ ശുശ്രൂഷകരും ഈ സ്വർഗ്ഗീയാരാധനയെ സജീവമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. ഓരോ കൂദാശാനുഷ്ഠാനത്തിലും ശുശ്രൂഷകർ നിർവ്വഹിക്കേണ്ട കർമ്മങ്ങൾ വിശദമായി "വിശുദ്ധ ശുശ്രൂഷകളുടെ അനുഷ്ഠാനക്രമത്തിൽ (തൂക്കാസ)" വിവരിച്ചിട്ടുണ്ട്. വിശുദ്ധ കുർബ്ബാനയിലെ ശുശ്രൂഷകരെ തങ്ങൾ ചെയ്യുന്ന ശുശ്രൂഷയുടെ ഗൗരവവും വ്യാപ്തിയും മനസ്സിലാക്കുവാൻ "മദ്ബഹായിലെ മാലാഖമാർ" എന്ന ഒരു സഹായക ഗ്രന്ഥം മലങ്കര സെമിനാരി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ രണ്ട് ഗ്രന്ഥങ്ങളുടെയും സഹായത്തോടെ അൾത്താര ശുശ്രൂഷകൾക്ക് അനായാസം ഉപയോഗിക്കാൻ വേണ്ടിയാണ് Hand Book for Altar Servers എന്ന ശുശ്രൂഷക സഹായി തയ്യാറാക്കുന്നത്. മദ്ബഹായിൽ സഹായിക്കുന്ന ശുശ്രൂഷകൻ കൂദാശാനുഷ്ഠാനങ്ങളിലും, പെരുന്നാളുകളിലും, കൂദാശാനുകരണങ്ങളിലും ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുക. തന്റെ ഭാരിച്ച തിരക്കുകൾക്കിടയിലും ഈ ഗ്രന്ഥം വായിച്ച് കുറവുകൾ പരിഹരിക്കുവാൻ സഹായിച്ച അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയോടുള്ള ഹൃദ്യമായ നന്ദി അറിയിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ന്യൂനതകൾ പരിഹരിക്കുവാൻ സഹായിച്ച പെരിയ ബഹു. ഡോ. കുര്യാക്കോസ് തടത്തിലച്ചനോടും, ബഹു. ജേക്കബ് ഇളമ്പള്ളൂർ അച്ചനോടും സെമിനാരിയിലെ ബഹുമാനപ്പെട്ട വൈദികരോടും വൈദിക വിദ്യാർത്ഥികളോടും നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ മുദ്രണം ഭംഗിയായി നിർവ്വഹിച്ച സെന്റ് മേരീസ് പ്രസ്സിന് നന്ദി. ഈ സഹായക ഗ്രന്ഥം ഇടവകകളിലെ ആരാധനയെ സജീവമാക്കാൻ മദ്ബഹാ ശുശ്രൂഷകൾക്ക് വഴികാട്ടിയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഫാ. ജോൺ കുറ്റിയിൽ
റെക്ടർ, സെന്റ് അലോഷ്യസ് സെമിനാരി

02-02-2021

www.malankaralibrary.com



# വിശുദ്ധ കുർബാന

www.malankaralibrary.com



## I. വ്യക്തിപരമായ ഒരുക്കം

- വി. കുമ്പസാരം നടത്തി ഒരുങ്ങുക.
- ദൈവാലയത്തിൽ ചെയ്യാനുള്ള ശുശ്രൂഷകൾ തലേദിവസം ഹോം വർക്ക് ചെയ്യുക.
- കുളിച്ച്, വൃത്തിയായ വസ്ത്രം ധരിച്ച് ശുശ്രൂഷ തുടങ്ങുന്നതിന് മുമ്പ് ദൈവാലയത്തിൽ പ്രവേശിക്കുക. പ്രവേശിച്ചാലുടൻ മദ്ധ്യഭാഗത്തു ചെന്ന് തലവണങ്ങുകയും, ഒരു വശത്തേക്കുമാറി മുട്ടുകുത്തി ശിരസ്സ് നമിച്ച് പ്രവേശക പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.
- വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുമ്പോൾ മദ്ബഹായുടെ വാതിൽ (വലതുവശത്തെ ഭിത്തി) മുത്തി കയറുക. മദ്ബഹായിൽ പ്രവേശിക്കുന്നത് വലതുവശത്തുകൂടിയും ഇറങ്ങുന്നത് ഇടതുവശത്തു കൂടിയും ആയിരിക്കണം.
- മദ്ബഹായിൽ പ്രവേശിച്ച് മദ്ബഹാ പ്രവേശക പ്രാർത്ഥന ചൊല്ലുക: "കർത്താവേ അവിടുത്തെ... നിറയ്ക്കേണമേ."
- ത്രോണോസിന്റെ വലതുവശത്തെ കോണിൽ ഭക്തിയോടെ ചുംബിച്ച് ഒരുക്കമുറിയിലേയ്ക്ക് പോകുക.
- ശുശ്രൂഷാകുപ്പായം ധരിക്കുക.
- ശുശ്രൂഷകർ ഒരുമിച്ച് ചൊല്ലാനുള്ള പ്രാർത്ഥന "പിതാവും പുത്രനും... ആമേൻ" ചൊല്ലുക.
- പ്രഭാത പ്രാർത്ഥന തുടങ്ങുന്നതിന് മുമ്പ് ഒരു ശുശ്രൂഷകൻ ത്രോണോസിൽ കുരിശിന്റെ മുമ്പിൽ ഒരു തിരി കത്തിക്കുക.
- പ്രഭാത പ്രാർത്ഥനയിൽ ആദ്യാവസാനം കെസ്ത്രൂമായിൽ നിന്ന് പങ്കെടുക്കുക. മദ്ബഹായിലെ ശുശ്രൂഷകരെല്ലാം പ്രാർത്ഥനാ പുസ്തകം ഉപയോഗിച്ചുവേണം പ്രാർത്ഥിക്കുവാൻ.
- പഴയ നിയമവും ലേഖനങ്ങളും വായിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നവർ നേരത്തെ വായിച്ച് ഒരുങ്ങേണ്ടതാണ്.
- മദ്ബഹായിൽ ശുശ്രൂഷിക്കുന്നവർ അവരുടെ അംശവസ്ത്രം നിർബ്ബന്ധമായി ധരിച്ചിരിക്കേണ്ടതാണ്. അംശവസ്ത്രം ധരിക്കാത്തവർക്ക് വി. കുർബ്ബാനയിൽ ശുശ്രൂഷിക്കുവാൻ അനുവാദമില്ലാത്തതാകുന്നു എന്ന് ഏവരും ഓർത്തിരിക്കേണ്ടതാണ്.

www.malankaralibrary.com

## II. വി. കുർബാനയ്ക്ക് ഒരുക്കുന്നത്

1. ത്രോണോസിന് നടുവിൽ സക്രാരിക്കും കുരിശിനും നേരെ വരത്തക്കവിധം വിരിക്കൂട്ട് വിരിച്ചശേഷം അതിന് മുകളിലായി കെത്താന (വെള്ളവിരി) വിരിക്കുക.
2. ഒരു ശുശ്രൂഷകൻ പൂജാപാത്രങ്ങൾ ക്രമീകരിക്കണം. ശുശ്രൂഷകൻ സങ്കീഞ്ഞ് ഉപയോഗിച്ചുവേണം പൂജാപാത്രങ്ങൾ സ്പർശിക്കേണ്ടത്.
3. അതിനുശേഷം കാസായും പീലാസായും മ്കബ്ലാനകൊണ്ട് (മുന്തിരിയുടെ ചിത്രമുള്ള മ്കബ്ലാന കാസായുടെ മുകളിലും, ഗോതമ്പ് കതിരിന്റെ ചിത്രമുള്ള മ്കബ്ലാന പീലാസായുടെ മുകളിലും) മൂടിവയ്ക്കുക.
4. നക്ഷത്രം (കൗക്ക്ബോ) വിരിക്കൂട്ടിന്റെ വലതുവശത്തും സ്പൂൺ (തർവോദോ) ഇടതുവശത്ത് തലയണയിൽ (ഗ്മൂർത്തോ) മലർത്തി വയ്ക്കുക.



5. വിരിക്കൂട്ടിന്റെ ഇടതുവശത്ത് ശോശപ്പയും അതിനോട് ചേർന്ന് അൽപം മുകളിലായി മ്ശംശോനിസോയിൽ (വെള്ളം വയ്ക്കുന്ന പാത്രം) വെള്ളമൊഴിച്ച് സങ്കീഞ്ഞ് കൊണ്ട് മൂടിവയ്ക്കുക.
6. തക്സാ സ്റ്റാന്റും തക്സയും വൈദികന് സൗകര്യപ്രദമായ വിധത്തിൽ ത്രോണോസിന്റെ വലതു ഭാഗത്ത് വേണം വയ്ക്കാൻ.

www.malankaralibrary.com

7. വീണ്ടും, വി.കുർബ്ബാന സ്വീകരിക്കുന്നവരുടെ എണ്ണമനുസരിച്ച് ചെറിയ ഓസ്തിയും ഒരു വലിയ ഓസ്തിയും എടുത്തുവയ്ക്കണം.
8. വൈദികന് വായിക്കാനുള്ള വേദഭാഗം സഭാപഞ്ചാംഗത്തിൽ നോക്കി അതാതു ദിവസത്തിനനുസരിച്ച്, അടയാളം വച്ച്, സഭാപഞ്ചാംഗമുൾപ്പെടെ ഏവൻഗേലിയോൻ പീഠത്തിൽ വയ്ക്കുക. ഏവൻഗേലിയോൻ പീഠത്തിൽ വി.ഏവൻഗേലിയോനും വേദവായനക്കുറിപ്പും മാത്രം വയ്ക്കുക.
9. ധൂപക്കുറ്റി നേരത്തെ കത്തിക്കുകയും കുന്തിരിക്കം ആവശ്യത്തിന് എടുത്ത് വയ്ക്കുകയും ചെയ്യുക.
10. ദിവസത്തിന്റെ പ്രാധാന്യമനുസരിച്ച് മൂന്ന് തിരിയോ അതിൽ കൂടുതലോ കത്തിച്ചിരിക്കണം. ഇടതുവശത്തെ തിരിയാണ് ആദ്യം കത്തിക്കേണ്ടത്.

## III. പഴയനിയമ വായന

➢ പ്രഭാത നമസ്കാരം കഴിഞ്ഞ് വായനക്കാരൻ നമസ്കാരമേശയുടെ വടക്ക് കിഴക്കേ മൂലയ്ക്ക് പടിഞ്ഞാറോട്ട് തിരിഞ്ഞ് “നീതിമാന്മാരുടെ കൂടാരത്തിൽ” എന്ന പ്രഖ്യാപനം ആരംഭിക്കുന്നു (ഗദ്യരൂപേണയോ, പദ്യരൂപേണയോ). അതിനുശേഷം പഴയനിയമത്തിൽ നിന്നുള്ള വായനകൾ വായിക്കുന്നു.

## IV. അംശവസ്ത്രം എങ്ങനെ ധരിക്കുന്നു

അംശവസ്ത്രങ്ങൾ ധരിക്കുന്നതിനു മുമ്പ് വൈദികൻ കൈകൾ കഴുകുന്നു. ഈ അവസരത്തിൽ ശുശ്രൂഷകൾ വെള്ളം ഒഴിച്ചു കൊടുക്കുകയും, കൈ തുടയ്ക്കാൻ തൂവാല നൽകുകയും വേണം.

### a) വൈദികൻ അംശവസ്ത്രങ്ങൾ ധരിക്കുന്ന ക്രമം

1. ചെരുപ്പ്
2. ആൽബ്
3. ഹയ്മ്നിയ
4. അരക്കെട്ട്
5. കൈയുറ
6. കാപ്പ

### b) മെത്രാൻ അംശവസ്ത്രങ്ങൾ ധരിക്കുന്ന ക്രമം

1. ചെരുപ്പ്
2. ആൽബ്
3. ശിരോവസ്ത്രം
4. ഹയ്മ്നിയ
5. അരക്കെട്ട്
6. കൈയ്യുറ
7. ശീലമുടി
8. കാപ്പ
9. പത്രസീൻ
10. മാല

www.malankaralibrary.com

## V. മദ്ബഹായിലേക്കുള്ള പ്രദക്ഷിണം

ഏറ്റവും മുന്നിലായി ധൂപക്കുറ്റി, തുടർന്ന് എല്ലാ ശുശ്രൂഷകരും, ഏറ്റം പുറകിലായി കാർമ്മികനും മദ്ബഹായിലേക്ക് വടക്കു വശത്തുകൂടി പ്രവേശിക്കുന്നു. വൈദികൻ ജനങ്ങൾക്കു നേരെ തിരിഞ്ഞ് പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുമ്പോൾ (സഹോദരങ്ങളേ, ജീവപ്രദമായ പരിശുദ്ധ ബലി...) ശുശ്രൂഷകർ ക്രമമായി മദ്ബഹായുടെ ഇരുവശങ്ങളിലും ത്രോണോസിന്റെ വശങ്ങൾക്ക് നേരെ ശുശ്രൂഷകരുടെ എണ്ണമനുസരിച്ച് വരിയായി നിൽക്കണം.

## VI. രഹസ്യ ശുശ്രൂഷ

1. "സഹോദരങ്ങളെ ജീവപ്രദമായ പരിശുദ്ധ ബലി...." എന്ന പ്രാർത്ഥനാഭ്യർത്ഥനയ്ക്ക് ശേഷം വൈദികൻ ത്രോണോസിലേക്ക് തിരിയുമ്പോൾ മദ്ബഹായുടെ തിരശ്ശീല ഇടുന്നു.
2. ശുശ്രൂഷകൻ "സ്വർഗ്ഗാധിപതേ" എന്ന ഗീതം പാടുന്നു.
3. വൈദികൻ ശോശാപ്പാകൊണ്ട് കാസായും പീലാസായും മൂടുമ്പോൾ പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റിയും കുന്തിരിക്ക പാത്രവുമായി വൈദികനെ സമീപിക്കുന്നു.
4. ശുശ്രൂഷകർ നില്ക്കുമ്പോൾ ഹൈക്ക്ലായിൽ നിന്ന് വി. കുർബാനയിൽ സംബന്ധിക്കുന്നവർക്ക് കാണുവാനുള്ള സൗകര്യത്തെ പ്രതി രണ്ടു വശത്തേയ്ക്ക് മാറി നിൽക്കേണ്ടതാണ്.
5. ബലിപീഠത്തോടു ചേർന്ന് നിരയിൽ ഏറ്റം മുന്നിൽ നിൽക്കുന്നയാൾ തിരിയും ഏറ്റവും പിന്നിൽ നിൽക്കുന്നയാൾ മർബഹാസയും പിടിക്കുക.
6. "കർത്താവേ നിൻ രക്ത ശരീരങ്ങൾ..." എന്ന വരി പാടി തീർന്ന് മദ്ബഹായുടെ തിരശ്ശീല തുറക്കുമ്പോൾ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നു.

## VII. പരസ്യശുശ്രൂഷയുടെ സമയത്ത്

1. ഇരുവശങ്ങളിലും ഏറ്റം മുന്നിൽ നിൽക്കുന്ന ശുശ്രൂഷകർ തിരിപിടിക്കുക. മേൽപ്പട്ടക്കാരനാണ് കാർമ്മികനെങ്കിൽ നിയോഗിക്കപ്പെട്ടവർ അംശവടി പിടിക്കേണ്ടതാണ്.
2. ഏറ്റവും പിറകിൽ നിൽക്കുന്ന ശുശ്രൂഷകർ മർബഹാസാ പിടിക്കുക.
3. വൈദികൻ ജനങ്ങൾക്ക് നേരെ ധൂപം വീശുമ്പോൾ ഇരുവശങ്ങളിലുമുള്ള ശുശ്രൂഷകർ മുഖാഭിമുഖം നിൽക്കുകയും വൈദികൻ

www.malankaralibrary.com

ബലിപീഠത്തിന് നേരെ നിൽക്കുമ്പോൾ ശുശ്രൂഷകർ പഴയ രീതിയിൽ നിൽക്കുക. മർബഹാസ പിടിച്ചിരിക്കുന്ന ശിശ്രൂഷകർ, വൈദീകൻ ജനത്തിന് നേരെ തിരിയുമ്പോൾ അവരും തിരിയണം.

4. "സ്വഭാവപ്രകാരം..." എന്ന പ്രാർത്ഥനയോ "മാതാ കാദീശന്മാർ..." എന്ന ഗീതമോ ചൊല്ലുമ്പോൾ മണിയും മർബഹാസയും കിലുക്കുന്നു. കാർമ്മികൻ ത്രോണോസ് ചുംബിച്ച് ധൂപകുറ്റി ശുശ്രൂഷകനെ ഏൽപിക്കു മ്പോൾ മണിയുടെയും മർബഹാസയുടെയും കിലുക്ക് നിർത്തണം.



5. ആഘോഷമായ വി. കുർബാനയിൽ "മാതാ പരിശുദ്ധന്മാർ..." എന്ന ഗാനം ആലപിക്കുമ്പാൾ വൈദികനും ശുശ്രൂഷകരും ചേർന്ന് ബലിപീഠത്തിന് പ്രദക്ഷിണം വയ്ക്കുന്നു. മേൽപ്പട്ടക്കാരൻ കുർബാനയർപ്പിക്കുമ്പോൾ ഏറ്റവും മുമ്പിൽ അംശവടി പിടിച്ചിരിക്കുന്നയാൾ അതിന് പിന്നിൽ ധൂപകുറ്റിവീശുന്നയാൾ മെഴുകുതിരി പിടിച്ചുനിൽക്കണം. മർബഹാസ കിലുക്കുന്നവരും, ബാക്കി എല്ലാ ശുശ്രൂഷകരും വൈദീകനുമുമ്പിൽ നിൽക്കണം. കാർമ്മികന്റെ പിന്നിൽ ആരും നിൽക്കാൻ പാടില്ല.

## VIII. ദൈവമെ നീ പരിശുദ്ധനാകുന്നു

1. ''ദൈവമെ നീ പരിശുദ്ധനാകുന്നു...'' എന്നു തുടങ്ങുന്ന പ്രാർത്ഥനയിൽ, "ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ..." എന്ന നാലാം പാദത്തിൽ മണിയും മർബഹാസയും കിലുക്കുക.

www.malankaralibrary.com

2. 'കുറിയേലായിസോൻ' എന്ന ചൊല്ലുമ്പോൾ ശുശ്രൂഷകർ ലേഖന വായനകൾക്കായി ഒരുങ്ങുക.

## IX. ഭൂവിലശേഷം.... പൗലോസ് ശ്ലീഹാ...

1. ഓരോ ദിവസങ്ങളിലുമുള്ള വായനാഭാഗം സഭാ പഞ്ചാംഗത്തിൽ നോക്കി വായനകൾക്കായി നേരത്തെ ഒരുങ്ങുകയും, ഇവ സംബന്ധിച്ച മറ്റ് കാര്യങ്ങൾ വിശുദ്ധ കുർബാന പുസ്തകത്തിൽ നിന്നും വായിച്ച് മനസ്സിലാക്കുകയും വേണം.

2. "ഭൂവിലശേഷം...." എന്ന ഗാനം തീരുംമുമ്പേ ത്രോണോസിന്റെ ഇടതുവശം മുത്തി, കാർമ്മികന്റെ കാപ്പയും ചുംബിച്ച് മദ്ബഹായുടെ ഇടതുവശത്ത് ഒരുപടി ഇറങ്ങിനിന്ന്, ഗാനം തീരുമ്പോൾ സ്ഫുടമായും സാവകാശത്തിലും ഭക്തിയോടെയും ലേഖനം വായിക്കുന്നു. ഇപ്രകാരം "പൗലോസ് ശ്ലീഹാ" എന്ന ഗാനം തീരുംമുമ്പ് ത്രോണോസിന്റെ വലതുവശം മുത്തി കാർമ്മികന്റെ കാപ്പായും ചുംബിച്ച് മദ്ബഹായുടെ വലതുവശത്ത് ഒരുപടി ഇറങ്ങിനിന്ന്, ഗാനം തീരുമ്പോൾ സ്ഫുടമായും സാവകാശത്തിലും ഭക്തിയോടെയും ലേഖനം വായിക്കുന്നു. ലേഖനം നേരത്തെതന്നെ വായിച്ച് ഒരുങ്ങേണ്ടതാണ്.



www.malankaralibrary.com

3. **മേല്പട്ടക്കാരൻ** സന്നിഹിതനെങ്കിൽ ലേഖനവായനകൾക്ക് മുമ്പ് ത്രോണോസ് മുത്തിയശേഷം മേൽപട്ടക്കാരന്റെ സ്ലീബായും മുത്തേണ്ടതാണ്.
4. ലേഖനവായന സമയത്ത് പ്രധാന ശുശ്രൂഷകൻ മദ്ബഹായിൽ ഒരു പടി മുകളിൽ നിന്ന് ലേഖനത്തിന് നേരെ ധൂപം വീശുന്നു.

## X. സുവിശേഷ വായന

1. ലേഖനവായനയ്ക്ക് ശേഷം ഏവൻഗേലിയോൻ പീഠം മദ്ബഹായുടെ നടുവിൽ വയ്ക്കണം.
2. "ഹാലേലൂയ്യാ ഹാലേലൂയ്യാ..." എന്ന ഗാനസമയത്ത് മണിയും മർബഹാസയും കിലുക്കുന്നു. ഈ സമയത്ത് മർബഹാസ കിലുക്കിക്കൊണ്ട് വൈദികന്റെ ഇരുവശത്തും ത്രോണോസു മുതൽ



ഏവൻഗേലിയോൻ പീഠം വരെ പ്രദക്ഷിണമായി വരണം, തിരിച്ചുവരുമ്പോൾ അതിന്റെ ആവശ്യമില്ല.
3. കാർമ്മികൻ ഏവൻഗേലിയോനു നേരെ തിരിയുമ്പോൾ ഇരുവശങ്ങളിലും തിരിയും അതിനു പിന്നിൽ മർബഹാസയും പിടിക്കുന്നു.
4. "ബാറെക്മോർ, നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന..." എന്ന വായന പ്രധാന ശുശ്രൂഷകൻ ചൊല്ലുകയും ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിക്കുകയും ചെയ്യുന്നു. അതിനുശേഷം പീഠത്തിന്റെ വടക്കുപടിഞ്ഞാറായി ഒരു നട ഇറങ്ങി നിന്ന് ഏവൻഗേലിയോന് നേരെ ധൂപം വീശുന്നു. മുൻപിൽ നിന്ന് ശുശ്രൂഷകൻ നേരേ ധൂപം വീശുന്നത് ഏവൻഗേലിയോൻ വായനയ്ക്ക് മാത്രമാണ്.

5. ഏവൻഗേലിയോൻ വായിച്ച് തീരുന്നതുവരെ ധൂപക്കുറ്റി വീശുന്ന പ്രധാന ശുശ്രൂഷകൻ തിരി പിടിച്ചിരിക്കണം.
6. കാർമ്മികന്റെ പ്രാർത്ഥനകൾക്ക് ജനങ്ങൾ മറുപടി നൽകുമ്പോഴും, കാർമ്മികൻ "നിങ്ങൾക്കെല്ലാവർക്കും ശാന്തി..." എന്ന് പറയുമ്പോഴും മണിയും മർബഹാസയും കിലുക്കണം.

## XI. പ്രുമിയോൻ, സെദറാ

1. ശുശ്രൂഷകൻ "ബാറെക്മോർ കാരുണ്യവാനായ....", എന്ന വായന നടത്തുമ്പോൾ പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിക്കുകയും തുടർന്ന് വൈദികൻ വലതുകരം ശുശ്രൂഷകന്റെ നെറ്റിയിൽ വച്ച് ആശീർവദിക്കുകയും ചെയ്യുന്നു.
2. ഇതിനുശേഷം ത്രോണോസിന്റെ വലതുവശത്ത് മൂന്നുപ്രാവശ്യം വീശിവണങ്ങി മുത്തിയശേഷം വീണ്ടും മൂന്നുപ്രാവശ്യം ധൂപം വീശുന്നു.
3. അതിനുശേഷം ത്രോണോസിനെ ചുറ്റി വീശുന്നു, സക്രാരിയിൽ വി. കുർബാനയുണ്ടെങ്കിൽ മുന്നിലെത്തി മൂന്നു പ്രാവശ്യം വീശി തലവണങ്ങുന്നു.
4. ത്രോണോസിന്റെ ഇടതുവശത്തും മൂന്നുപ്രാവശ്യം വീശിവണങ്ങി മുത്തിയശേഷം വീണ്ടും മൂന്നു തവണ ധൂപം വീശുന്നു.
5. മദ്ബഹായുടെ നടുവിലെത്തി മൂന്നുതവണ ധൂപം വീശി ശിരസ്സ് നമിക്കുന്നു.
6. തുടർന്ന് ഏവൻഗേലിയോനു നേരെ മൂന്ന് തവണ വീശി തലവണങ്ങി വീണ്ടും മൂന്നുതവണ വീശുന്നു.
7. **മേൽപ്പട്ടക്കാരൻ** സന്നിഹിതനെങ്കിൽ ആദ്യപ്രാവശ്യം മദ്ബഹായുടെ നടുവിലെത്തുമ്പോൾ അദ്ദേഹത്തിനു നേരെ മൂന്നു പ്രാവശ്യം ധൂപം വീശി സ്ലീബാ മുത്തണം. വീണ്ടും ധൂപം വീശി വണങ്ങുന്നു.
8. അതിനുശേഷം ജനങ്ങൾക്ക് നേരെ തിരിഞ്ഞ് ആദ്യം നമസ്ക്കാര മേശയിൽ വച്ചിരിക്കുന്ന വിശുദ്ധ സ്ലീബായ്ക്കും, ശേഷം ഇടതും വലതുമുള്ള വിശുദ്ധരുടെ ചിത്രങ്ങൾക്കും, പിന്നീട് സ്ത്രീകൾക്കും തുടർന്ന് പുരുഷന്മാരുടെ ഭാഗത്തും മേൽപ്പറഞ്ഞവിധം ധൂപം വീശുന്നു.
9. പിന്നീട് ത്രോണോസിനുനേരെ തിരിഞ്ഞ് നടുക്ക് മൂന്നു പ്രാവശ്യം വീശി വണങ്ങി ഇടത്തുവശത്തേക്ക് മാറിനിന്ന് ധൂപം വീശുക.

www.malankaralibrary.com

## XII. ധൂപക്കുറ്റി വാഴ്വ്



1. ധൂപക്കുറ്റി വാഴ്വിനായി പ്രധാന ശുശ്രൂഷകൻ കുന്തിരിക്കം ഇടുവിക്കുകയും വിരിക്കൂട്ടത്തിന്റെ മദ്ധ്യഭാഗത്ത് വരത്തക്കതു പോലെ ധൂപക്കുറ്റി പിടിച്ചുകൊടുക്കുകയും ചെയ്യണം. പ്രധാന ശുശ്രൂഷകൻ ധൂപകലശത്തിന്റെ കൊളുത്തും വളയവും വിരലുക ളിൽ നിന്ന് ഊരി സൗകര്യപ്രദമായ രീതിയിൽ ഉയർത്തി പിടിക്കണം. ശുശ്രൂഷകന്റെ ഇടതുകൈ നെഞ്ചത്ത് വച്ചിരിക്കണം. ധൂപക്കുറ്റി വാഴ്വിനുശേഷം ധൂപക്കുറ്റി കാർമ്മികന്റെ കൈയിൽ കൊടുക്കുക.
2. കാർമ്മികൻ "പരിശുദ്ധനായ പിതാവ്...", "പരിശുദ്ധനായ പുത്രൻ....", "ജീവപ്രദനായ..." എന്നീ പ്രാർത്ഥനകൾ ചൊല്ലുമ്പോഴും ജനത്തിനു നേരെ ധൂപം വീശി തിരികെ ത്രോണോസിൽ എത്തുന്നതുവരെയും മണിയും മർബഹാസയും കിലുക്കണം.
3. കാർമ്മികൻ ധൂപക്കുറ്റി തിരികെ ഏൽപ്പിക്കുമ്പോൾ, കാർമ്മികന്റെ കൈമുത്തി ധൂപക്കുറ്റി തിരികെ വാങ്ങി ബലിപീഠം ചുറ്റി ധൂപം വീശുക.
4. കാർമ്മികൻ ധൂപം തിരികെ ഏൽപ്പിച്ചശേഷം കൈ കഴുകുന്നതി നായി വെള്ളവും, കൈതുടയ്ക്കുന്നതിനായി തുണിയും നൽകണം.
5. പ്രധാനശുശ്രൂഷകൻ മദ്ബഹായുടെ ഇടതുവശത്തുകൂടിയിറങ്ങി ഹൈക്കലായുടെ പടിഞ്ഞാറെ വാതിൽവരെ ധൂപം വീശണം. കാർമ്മികന്റെ രഹസ്യപ്രാർത്ഥന കഴിയുന്നതുവരെ പ്രധാന ശുശ്രൂ ഷകൻ ചങ്ങലകൾ ഇരു കൈകളിലായി പിടിച്ചുകൊണ്ട്,

www.malankaralibrary.com

മദ്ബഹായുടെ ഒരു പടി താഴെ അല്പം തെക്കോട്ടു മാറി നിൽക്കണം. തുടർന്ന് "ബാറെക്മോർ സ്തൗമെൻകാലോസ്" എന്ന് ചൊല്ലി മദ്ബഹായുടെ വലതുവശത്തുകൂടി ഉള്ളിൽ പ്രവേശിച്ച് വലതു വശത്ത് നിൽക്കുന്നു.

## XIII. സമാധാനം

1. വൈദികൻ "നിങ്ങൾക്കെല്ലാവർക്കും സമാധാനം..." എന്ന് ഉച്ചരിച്ച് ആശീർവദിച്ച് വിരിക്കൂട്ടിൽ മുത്തിയശേഷം പ്രധാന ശുശ്രൂഷകൻ വിരിക്കൂട്ടിൽ മുത്തുന്നു. പിന്നീട്, വൈദികൻ ധൂപക്കുറ്റിയുടെ ചങ്ങലകൾ പിടിച്ച് മുത്തുകയും പിന്നീട് പ്രധാന ശുശ്രൂഷകനെ മുത്തിക്കുകയും ചെയ്യുന്നു.
2. ധൂപക്കുറ്റി അതേപടി പിടിച്ചുകൊണ്ട് മദ്ബഹായുടെ നടുവിൽ തലവണങ്ങി ബലിപീഠത്തിന്റെ ഇടതുവശത്തു മുത്തി കാർമ്മികന്റെ കാപ്പയും മുത്തണം.
3. പിന്നീട് ഇടതുവശത്തു നിൽക്കുന്ന ശുശ്രൂഷകർക്കും കെസ്ത്രൂമയിലേക്കിറങ്ങി പുരുഷന്മാരുടെ ഭാഗത്തുള്ള ഒരാൾക്കും സമാധാനം കൊടുക്കുന്നു.
4. അതിനുശേഷം കെസ്ത്രൂമായുടെ മധ്യത്തിലെത്തി തലവണങ്ങിയശേഷം സ്ത്രീകളുടെ ഭാഗത്തുള്ള ഒരാൾക്കും മദ്ബഹായുടെ വലതുവശത്തുള്ള ശുശ്രൂഷകർക്കും സമാധാനം കൊടുക്കുന്നു.
5. **മേൽപ്പട്ടക്കാരൻ** സന്നിഹിതനെങ്കിൽ സമാധാനാശംസ സമയം മദ്ബഹായിലുള്ള വൈദികരും ശുശ്രൂഷകരും അദ്ദേഹത്തിന്റെ സ്ലീബാ മുത്തി സമാധാനം സ്വീകരിക്കുന്നു. പ്രധാന ശുശ്രൂഷകൻ മേൽപ്പട്ടക്കാരന്റെ സ്ലീബാ മുത്തിയതിനുശേഷമാണ് മറ്റുള്ളവർക്ക് സമാധാനം നൽകേണ്ടത്.
6. സമാധാനം നൽകിയശേഷം പ്രധാന ശുശ്രൂഷകൻ മദ്ബഹായുടെ ഇടതുവശത്തു നിന്ന് ധൂപം വീശുന്നു.

## XIV. സ്ഥാപന വചനങ്ങൾ

1. "ബാറെക്മോർ, സഹോദരങ്ങളെ....." എന്നു ചൊല്ലുമ്പോൾ മണിയും മർബഹാസയും കിലുക്കുന്നു. ശോശപ്പാ ആഘോഷിച്ചു കഴിയുമ്പോൾ കിലുക്ക് അവസാനിപ്പിക്കണം.
2. "തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും...." എന്ന് ചൊല്ലുമ്പോഴും മണിയും മർബഹാസയും ഇരുവശങ്ങളിലുമുള്ള ശുശ്രൂഷകർ കിലുക്കണം.

3. പുരോഹിതൻ അപ്പവും വീഞ്ഞും എടുത്ത് "വാഴ്ത്തി ശുദ്ധീകരിച്ച്" എന്ന് പറയുമ്പോൾ മുതൽ "തന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നൽകി" വരെയും, "ഇത് നിങ്ങൾക്ക് വേണ്ടിയും...." എന്ന പ്രാർത്ഥന തുടങ്ങി, അവസാനിക്കുന്നതുവരെയും മണിയും മർബഹാസയും കിലുക്കണം.
4. സ്ഥാപനവചനങ്ങൾ മുഴുവൻ കഴിഞ്ഞശേഷം മാത്രമേ പ്രധാന ശുശ്രൂഷകൻ കുന്തിരിക്കപാത്രം എടുക്കാൻ പോകാവൂ.
5. ഈ പ്രാർത്ഥനയ്ക്ക് ശേഷം കുന്തിരിക്കം ഇടുവിച്ച് മദ്ബഹായുടെ ഇടതുവശത്തുനിന്ന് ധൂപം വീശുക.

## XV. റൂഹാക്ഷണ പ്രാർത്ഥന

1. "ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരെ...." എന്ന് ശുശ്രൂഷകൻ ചൊല്ലുമ്പോൾ മണിയും മർബഹാസയും കിലുക്കണം.
2. 'പരിശുദ്ധാത്മാവ് ആവസിച്ച് ഈ അപ്പത്തെ...", "പരിശുദ്ധാത്മാവ് ആവസിച്ച് ഈ കാസായെ...'' ഈ സമയത്തും മണിയും മർബഹാസയും കിലുക്കണം. ഈ സമയം മദ്ബഹായിലുള്ളവർ അവരവരുടെ സ്ഥലത്ത് ഭക്തിയോടെ നിൽക്കണം. "ആമ്മീൻ" എന്ന് ചൊല്ലുന്നതുവരെ പ്രധാന ശുശ്രൂഷകനും മറ്റു ശുശ്രൂഷകരും അവരവരുടെ സ്ഥാനത്ത് തന്നെ നില്ക്കണം.
3. ഈ പ്രാർത്ഥനകൾക്കുശേഷം പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റി മാറ്റിവച്ച് മദ്ധ്യസ്ഥപ്രാർത്ഥനകൾക്കായി മദ്ബഹായുടെ മധ്യഭാഗത്ത് വന്ന് നിൽക്കുക.

## XVI. മദ്ധ്യസ്ഥ പ്രാർത്ഥനകൾ

1. മദ്ധ്യസ്ഥപ്രാർത്ഥനകൾ ഒന്നും ആറും വായിക്കുന്ന പ്രധാന ശുശ്രൂഷകൻ ഒന്നാമത്തെ പ്രാർത്ഥനയിൽ ചേർത്തുചൊല്ലേണ്ട മാർപാപ്പായുടെ പേരും, സഭാതലവന്റെ പേരും, അതാത് ഭദ്രാസനാധിപന്റെ പേരും, സഹായമെത്രാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരും ക്രമവും മുൻകൂട്ടി തയ്യാറാക്കിയിരിക്കണം. ഇടതുവശത്തു നിൽക്കുന്ന ശുശ്രൂഷകൻ രണ്ടും മൂന്നും, വലത് വശത്ത് നിൽക്കുന്ന ശുശ്രൂഷകൻ നാലും അഞ്ചും പ്രാർത്ഥനകൾ വായിക്കണം. മേൽപട്ടക്കാരൻ പ്രധാന കാർമ്മികനാണെങ്കിൽ ഇടതുവശത്ത് നിൽക്കുന്ന ശുശ്രൂഷകൻ അംശവടിയും വലതുവശത്തു നിൽക്കുന്ന ശുശ്രൂഷകൻ കത്തിച്ച മെഴുകുതിരിയും പിടിക്കേണ്ടതാണ്.

www.malankaralibrary.com





2. മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക്ശേഷം പ്രധാന ശുശ്രൂഷകൻ ആദ്യം ത്രോണോസിന്റെ വലതുവശവും പിന്നെ കാപ്പായും അതിനുശേഷം ബലിപീഠത്തിന്റെ ഇടതുവശവും മുത്തിയശേഷം ശോശപ്പ മടക്കിവയ്ക്കണം. വലതുവശത്തു നിൽക്കുന്നയാൾ ത്രോണോസിന്റെ വലതുവശവും ഇടതുവശത്തു നിൽക്കുന്നയാൾ ത്രോണോസിന്റെ ഇടതുവശവും കാർമ്മികന്റെ കാപ്പായും മുത്തേണ്ടതാണ്.

## XVII. അപ്പം മുറിക്കുന്ന ശുശ്രൂഷ

1. തിരശ്ശീല ഇടുമ്പോൾ 'അൻപുടയോനെ...." / "സ്രാപ്പികളെ..." / "നീതിജ്ഞൻ താത..." എന്ന ഗീതം പാടുന്നു. അപ്പംമുറിയ്ക്കൽ ശുശ്രൂഷ സമാപിക്കുമ്പോൾ (വൈദികൻ കൈകൾ വെള്ളത്തിൽ മുക്കുമ്പോൾ ഗാനം അവസാനിപ്പിക്കാം) തിരശ്ശീല നീക്കം ചെയ്യുന്നു.
2. മൂന്നാമത്തെ ആശീർവാദത്തിനു ശേഷം ("വിശുദ്ധമായവ വിശുദ്ധിയും വെടിപ്പും..." എന്നതിനു മുമ്പ്) ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിക്കുന്നു. അതിനുശേഷം മദ്ബഹായുടെ ഇടതുവശത്തുനിന്ന് ധൂപം വീശുന്നു.

## XVIII. വി. രഹസ്യങ്ങളുടെ ആഘോഷം

1. കുക്കിലിയോന് മുമ്പ് കാർമ്മികൻ കാസായും പീലാസയും ഉയർത്തുന്ന സമയത്ത് രണ്ടു ശുശ്രൂഷകർ ഇരുവശങ്ങളിലുമായി കത്തിച്ചതിരി പിടിക്കേണ്ടതാണ്. "വിശുദ്ധമായവ വിശുദ്ധിയും.....", "ഒന്നായിരിക്കുന്ന പിതാവിനും പുത്രനും..." എന്നീ പ്രാർത്ഥനകൾക്കും പിന്നീട് വരുന്ന മൂന്നു പ്രാർത്ഥനകൾക്കും ഒടുവിൽ ദൈവജനം "ആമ്മീൻ" എന്ന് പ്രതിവാക്യം പറയുമ്പോൾ മർബഹാസയും മണിയും കിലുക്കേണ്ടതാണ് (ആശീർവാദത്തിനു മുമ്പായി തിരികൾ കത്തിക്കേണ്ടതാണ്).

www.malankaralibrary.com

## XIX. കുക്കിലിയോൻ

1. പ്രധാന ശുശ്രൂഷകൻ ഓരോ കുക്കിലിയോന്റെയും ആരംഭത്തിൽ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിക്കുകയും ത്രോണോസ് ചുറ്റി ധൂപം വീശുകയും ചെയ്യുന്നു.
2. കാർമ്മികൻ ജനങ്ങൾക്ക് നേരെ തിരിഞ്ഞ് വണങ്ങിയശേഷം തിരശ്ശീല ഇടുന്നു.
3. വിശുദ്ധ കുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ പിടിക്കാനായി തിരികത്തിക്കുകയും മണിയും മർബഹാസയും എടുക്കുകയും വേണം. എല്ലാ ശുശ്രൂഷകരും തിരികത്തിച്ചുപിടിക്കണം.
4. കുക്കിലിയോൻ സമാപിക്കുമ്പോൾ "നാം ശബ്ദമുയർത്തിപ്പറയണം" എന്ന് ശുശ്രൂഷകൻ ചൊല്ലുകയും തിരശ്ശീല നീക്കുകയും ചെയ്യണം.
5. പ്രധാന ശുശ്രൂഷകൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിച്ചശേഷം മദ്ബഹായുടെ പടികളുടെ ഭാഗത്ത് ഇടതുവശത്ത് നിൽക്കുക.

## XX. വിശുദ്ധ കുർബാനയുടെ പടിഞ്ഞാറോട്ടുള്ള വാഴ്വ്



1. വിശുദ്ധ കുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ ഇരുവശങ്ങളിലുമുള്ള ശുശ്രൂഷകർ മുഖാഭിമുഖം വരത്തക്കവിധം ഭക്തിയോടെ മെഴുകുതിരി പിടിക്കുന്നു. മദ്ബഹായിൽ സന്നിഹിതരായിരിക്കുന്ന എല്ലാവരും വൈദികർ സന്നിഹിതരാണെങ്കിൽ അവരും മെഴുകുതിരി പിടിക്കണം. മർബഹാസ കിലുക്കുന്നവർ

www.malankaralibrary.com

വൈദികന്റെ ഇരുവശത്തും നിന്ന് ത്രോണോസുമുതൽ മദ്ബഹാ വാതിൽവരെ കിലുക്കിക്കൊണ്ട് വരുകയും വൈദികൻ ത്രോണോസിലേക്ക് വിശുദ്ധ കുർബാനയുമായി തിരിച്ചുപോയി ത്രോണോസ്സിൽ വയ്ക്കുന്നതുവരെ മർബഹാസ കിലുക്കിക്കൊണ്ട് വൈദികന് ത്രോണോസ്സുവരെ അനുധാവനം ചെയ്യണം. മറ്റുശുശ്രൂഷകർ രണ്ടുനിരയായി മുഖാഭിമുഖം നിന്നാൽ മതി.

2. വൈദികൻ വിശുദ്ധ കുർബാനയുമായി ജനങ്ങൾക്ക് അഭിമുഖമായി നിന്ന് പ്രാർത്ഥന ചൊല്ലുമ്പോഴെല്ലാം മണിയും മർബഹാസയും കിലുക്കണം.

## XXI. വിശുദ്ധ കുർബാന സ്വീകരണം

1. ശുശ്രൂഷകർ മദ്ബഹായിൽ നിന്നുതന്നെ വി. കുർബ്ബാന സ്വീകരിക്കുന്നു.
2. വൈദികൻ വിശ്വാസികൾക്ക് കുർബാന കൊടുക്കുമ്പോൾ ഇരുവശങ്ങളിലും തിരികൾ പിടിക്കുക.
3. കാസായ്ക്കും പീലാസയ്ക്കും താഴെയായി വിശുദ്ധ കുർബാന താഴെപ്പോകാതിരിക്കത്തക്കവിധം കമ്മ്യൂണിയൻ പ്ലേറ്റ് പിടിക്കണം.
4. വിശുദ്ധ കുർബാന കൊടുക്കുമ്പോൾ കാർമ്മികന്റെ വലത്തുകൈയുടെ ഭാഗത്തെ കാപ്പ ഉയർത്തിപ്പിടിച്ച് കൊടുക്കണം.
5. ഇതിനുശേഷം വിശുദ്ധ കുർബാന വീണ്ടും പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുമ്പോൾ ആദ്യത്തെ പ്രാവശ്യത്തെപ്പോലെ മെഴുകുതിരി പിടിക്കുകയും മണിയും മർബഹാസയും കിലുക്കുകയും വേണം.
6. "ഭൂവാകെ നമിക്കും നിന്നെ.." എന്ന ഗാനം ആലപിച്ച് തീരുമ്പോൾ പ്രധാന ശുശ്രൂഷകൻ മദ്ബഹായുടെ നടുവിൽ വണങ്ങി ത്രോണോസിന്റെ വലതുവശത്ത് മുത്തി ധൂപക്കുറ്റി തിരികെകൊണ്ട് വയ്ക്കണം.
7. സമാപന ആശീർവാദം കഴിഞ്ഞ് തിരശീല ഇടുന്നതുവരെ മറ്റ് ശുശ്രൂഷകരെല്ലാം അവരവരുടെ സ്ഥാനങ്ങളിൽ നിൽക്കുക.
8. വൈദികന്റെ ഹൂത്തോമ്മോയ്ക്കുശേഷം "കാഴ്ചയിതിൽ കർത്താവേ...." എന്ന ഗാനം ആലപിക്കുക. (കാലങ്ങൾക്കനുസരിച്ചതോ, വൈദികൻ ചൊല്ലുന്ന ഹൂത്തോമ്മോയ്ക്കനുസൃതമോ ആയ ഹൂത്തോമ്മോകൾ കുർബ്ബാന ക്രമത്തിൽ നിന്ന് തിരഞ്ഞെടുക്കുക).
9. എല്ലാ വിശുദ്ധ കുർബാനയിലും സമാപന ആശീർവാദത്തിനുശേഷം ശുശ്രൂഷകരിൽ ഒരാൾ "മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ പ്രാർത്ഥന" ഭക്തിയോടെ ചൊല്ലണം.

## XXII. വിശുദ്ധ കുർബാനയ്ക്ക് ശേഷം

1. വിശുദ്ധ കുർബാനയ്ക്കുശേഷം വൈദികൻ സമാപന കർമ്മങ്ങൾ നടത്തിയശേഷം കൈ കഴുകുവാൻ വെള്ളവും തുടയ്ക്കാൻ തൂവാലയും നൽകുക.
2. വൈദികൻ സമാപനശുശ്രൂഷ നടത്തുന്ന സമയത്ത് ശുശ്രൂഷകർ മദ്ബഹായിൽ മുട്ടിൻമേൽ നിന്ന് കർത്താവിനോട് നന്ദി പറയുന്നു.
3. തുടർന്ന് കൈമുത്തിനായി തിരശ്ശീലനീക്കുന്നു. ശുശ്രൂഷകർ വൈദികന്റെ കൈ മുത്തുന്നു. തുടർന്ന് തിരശ്ശീല ഇട്ടതിനുശേഷം ശുശ്രൂഷകരും കാർമ്മികനും പ്രദക്ഷിണമായി സാക്രിസ്റ്റിയിലേക്ക് പോകുന്നു.
4. അവിടെവച്ച് വൈദികനോട്, ‘‘ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ” എന്ന് പറയണം. അതിനുശേഷം വിശുദ്ധ വസ്ത്രങ്ങളും വസ്തുക്കളും വൃത്തിയായി അതതു സ്ഥാനങ്ങളിൽ സൂക്ഷിക്കുക. മദ്ബഹാ വീണ്ടും ക്രമപ്പെടുത്തുക.

www.malankaralibrary.com


# പ്രത്യേകം ശ്രദ്ധിക്കുക

- സ്വന്തമായി ഒരു കുർബാന ക്രമം ഉണ്ടായിരിക്കുന്നത് നല്ലതാണ്.
- ശുശ്രൂഷ കുപ്പായം നിർബന്ധമായും ധരിച്ചിരിക്കുകയും, എല്ലാ ബട്ടണുകളും നിർബന്ധമായും ഇട്ടിരിക്കുകയും വേണം.
- നിശ്ചയിച്ചിരിക്കുന്ന സമയങ്ങളിൽ ശുശ്രൂഷകൻ നിർബന്ധമായും തിരിപിടിച്ചിരിക്കണം.
- കർത്തൃ പ്രാർത്ഥനയുടെ സമയത്ത് കൈകൾ വിരിച്ച് പിടിക്കുക.
- ഉച്ചത്തിൽ പ്രാർത്ഥന ചൊല്ലാൻ ശ്രദ്ധിക്കുക.
- ദിവ്യകാരുണ്യ ആരാധനയ്ക്ക് കുന്തിരിക്കം ഇടുവിച്ചശേഷം പുരോഹിതന്റെ കൈകൾ മുത്തേണ്ട ആവശ്യമില്ല.
- കുന്തിരിക്കം ഇടാനായി പോകുമ്പോൾ ധൂപക്കുറ്റിയുടെ അടിയിലെ തട്ടവും, കുന്തിരിക്കപാത്രവും അടുത്തടുത്തായി നേരെ പിടിക്കുക.
- കുന്തിരിക്കം ഇടുവിച്ച ശേഷം വൈദികന്റെ വലത് കരം മുത്തേണ്ടതാണ്.
- ബലിപീഠം ചുറ്റി വന്നശേഷം ജനങ്ങൾക്ക് നേരെ വീശുന്നതിനുമുമ്പ്, മദ്ബഹായിൽ തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനുനേരെയും, പിന്നീട് ഇടതുവശത്തും വലതുവശത്തും അൾത്താരകൾ ഉണ്ടെങ്കിൽ അവയ്ക്കുനേരെയും ധൂപം വീശണം.

www.malankaralibrary.com



കാസാ



പീലാസ



മ്ശംശോനിസോ



സ്പൂൺ (തർവോദോ)



അരുളിക്ക



നക്ഷത്രം (കൗക്ക്ബോ)



ശോശപ്പ



ധൂപക്കുറ്റി



മ്കബ്‌ലാന

www.malankaralibrary.com

# കൂദാശകൾ

www.malankaralibrary.com

# മാമോദീസ



## മുൻകൂട്ടിക്രമീകരിക്കേണ്ട കാര്യങ്ങൾ

1. ചൂടുവെള്ളവും തണുത്തവെള്ളവും വെവ്വേറെ പാത്രങ്ങളിൽ സജ്ജീകരിച്ചുവയ്ക്കുക.
2. മൂറോൻ കൈകാര്യംചെയ്യാൻ പട്ടക്കാരനു മാത്രമേ അധികാരമുള്ളു. എന്നാൽ ആ കുപ്പിവയ്ക്കുന്ന പെട്ടിയുണ്ടെങ്കിൽ ആ പെട്ടി ശുശ്രൂഷകന് സജ്ജമാക്കിവയ്ക്കാം.
3. മാമോദീസാ സൈത്ത് എടുത്ത് വയ്ക്കണം.
4. കാർമ്മികന് കൈതുടയ്ക്കുന്നതിനാവശ്യമായ പഞ്ഞിയും മാമോദീസായ്ക്കുശേഷം കൈകൾ കഴുകുന്നതിനാവശ്യമായ സോപ്പും വെള്ളവും തൂവാലയും ക്രമീകരിക്കണം.
5. മാമോദീസാ തൊട്ടി വൃത്തിയാക്കിയിടുക. അതിനടുത്തായി മാമോദീസാ തൊട്ടിക്ക് കുറുകേ ഇരിക്കുന്ന ഒരു സ്ലീബാ തയ്യാറാക്കി വയ്ക്കുക. ശോശപ്പ ക്രമീകരിച്ച് വയ്ക്കുക.

## ശുശ്രൂഷാക്രമം: ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പ്രാരംഭപ്രാർത്ഥന - പാട്ടുകൾ, പ്രുമിയോൻ, സെദറാ, എത്രോ, ഏവൻഗേലിയോൻ എന്നീ വിധത്തിലാണ് മാമോദീസായുടെയും പ്രാരംഭക്രമം. സെദറായുടെ സമയത്തും എത്രോയ്ക്കും ധൂപാർപ്പണം മദ്ബഹായിൽ നടത്തണം.
2. ലേഖനം വായിക്കുന്നത് പ്രാർത്ഥാമേശയുടെ തെക്കുവശത്ത് നിന്നായിരിക്കണം. ഏവൻഗേലിയോൻ വായിക്കുന്നത് മദ്ബഹായിൽ നിന്നാണ്. ഏവൻഗേലിയോൻ വായിക്കുമ്പോൾ ഇരുവശവും കത്തിച്ച തിരികൾ പിടിക്കുകയും നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സമയത്ത് കൈമണി അടിക്കുകയും വേണം.
3. ദീർഘമായ രഹസ്യപ്രാർത്ഥനയുടെ സമയത്ത് ശുശ്രൂഷകൻ 'കുറിയേലായിസോൻ' എന്ന് നീട്ടി ചൊല്ലികൊടുക്കണം.
4. കാർമ്മികൻ കൈകൾ കുരിശാകൃതിയിൽ പിടിച്ച് വലതുകൈകൊണ്ട് ചൂടുവെള്ളവും ഇടതുകൈകൊണ്ട് പച്ചവെള്ളവും ഒഴിച്ച് കലർത്തുന്നു.

www.malankaralibrary.com

5. കാർമ്മികൻ വെള്ളത്തിന്മേൽ കൈയ്യ് ആവസിപ്പിച്ച് ത്രീത്വനാമത്തിൽ സ്നാനാർത്ഥിയുടെ നെറ്റിയിൽ റൂശ്മാ ചെയ്യുമ്പോൾ കൈമണി കിലുക്കണം.

6. വൈദികൻ റൂശ്മാചെയ്യും മുമ്പ് ശുശ്രൂഷകൻ "ബാറെക്മോർ" പറയുന്നു. റൂഹാക്ഷണ പ്രാർത്ഥനയുടെ സമയത്ത് 'ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരെ... എന്ന പ്രസ്താവന ശുശ്രൂഷകൻ ചൊല്ലണം. ആ സമയത്ത് മണിക്കിലുക്കുകയും വേണം.

7. മൂറോൻ പാത്രം കാർമ്മികൻ ഉയർത്തി സ്ലീബാ രൂപത്തിൽ ആഘോഷിക്കുമ്പോൾ ഓരോ പ്രാവശ്യവും ശുശ്രൂഷകൻ 'ഹാലേലുയ്യാ' എന്ന് പ്രതിവാക്യം പറയുകയും മണി കിലുക്കുകയും ചെയ്യണം.

8. മാമോദീസാ തൊട്ടിയുടെയടുത്തുള്ള ശുശ്രൂഷകളിൽ ശുശ്രൂഷകരിൽ ഒരാൾ കാർമ്മികന് പുസ്തകം കാണിച്ചുകൊടുക്കണം.

9. മാമോദീസാ മുക്കുന്ന സമയത്ത് കുഞ്ഞിനെ മാമോദീസാ തൊട്ടിയിൽ മുഖം കിഴക്കായി ഇരുത്തുന്നു. തലതൊടുന്ന വ്യക്തിയോ, ഒരു ശുശ്രൂഷകനോ കുഞ്ഞിനെ തൊട്ടിയിൽ ഇറക്കി ഇരുത്താവുന്നതാണ്. കൂദാശാ വചനങ്ങൾ ഉച്ചരിച്ചുകൊണ്ട് കാർമ്മികൻ സ്നാനം നടത്തുമ്പോൾ ശുശ്രൂഷകൻ മണികിലുക്കുന്നു.

10. തുടർന്ന് ശുശ്രൂഷകൻ കാർമ്മികന് കൈകൾ കഴുകാൻ വെള്ളവും തൂവാലയും നൽകുന്നു.

## മൂറോനഭിഷേകം

11. മാമോദീസാ തൊട്ടിയുടെ അടുത്തുനിന്നു പ്രാർത്ഥനാമേശയുടെ അടുത്തേക്ക് കാർമ്മികനും ശുശ്രൂഷകരും പോയി മൂറോനഭിഷേകത്തിന്റെ ശുശ്രൂഷകൾ നടത്തുന്നു. കൂദാശ വചനങ്ങൾ പറഞ്ഞു കൊണ്ട് അർത്ഥിയെ മൂറോൻ പൂശുമ്പോൾ മണികിലുക്കണം. തുടർന്ന് കിരീടധാരണ പ്രാർത്ഥനചൊല്ലുന്നു.

12. മൂറോൻ പൂശുമ്പോൾ കുട്ടിയെ ശുശ്രൂഷകന് പിടിക്കാവുന്നതാണ്.

13. അതിനുശേഷം വി. കുർബാനകൊടുക്കുമ്പോൾ കാർമ്മികൻ കാസായിൽ നിന്നും തിരുരക്തം കുഞ്ഞിന്റെ നാവിൽ തൊട്ടുകൊടുക്കുന്നു. ഈ സമയം ശുശ്രൂഷകൻ മ്ശംശോനീസ്സോ (കുർബാനയ്ക്കു വെള്ളം ഒഴിച്ച് വയ്ക്കുന്ന പാത്രം) എടുത്ത് കാർമ്മികന്റെ സമീപത്ത് നിൽക്കണം. ശുശ്രൂഷകർ ഇരുവശവും കത്തിച്ച മെഴുകുതിരികൾ പിടിക്കുകയും വേണം.

www.malankaralibrary.com

14. “യജമാനൻ വരുമന്നേര...” എന്ന ഗീതം പാടിക്കൊണ്ട് മാമോദീസ സ്വീകരിച്ചവരെ കാർമ്മികനോ ശുശ്രൂഷകനോ മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസിനു പ്രദക്ഷിണം വയ്പ്പിക്കുകയും കോണുകൾ മുത്തിക്കുകയും ചെയ്യുന്നു. കുഞ്ഞിനെ കൈകളിൽ സ്വീകരിക്കുമ്പോൾ മൂറോന്റെ അംശം കുപ്പായത്തിലും ശരീരത്തിലും പുരളാതിരിക്കുവാൻ കുഞ്ഞിനെ പൊതിഞ്ഞിരിക്കുന്ന തുണിയോടുകൂടിവേണം എടുക്കുവാൻ.

15. സ്ഥിരമായ മാമോദീസാതൊട്ടിയും, അതിലെ വെള്ളം തുറന്നുവിടുന്നതിനുള്ള സംവിധാനവും ഇല്ലാത്ത പള്ളികളിൽ മാമോദീസായ്ക്കുശേഷം വാഴ്ത്തപ്പെട്ട വെള്ളം ആരും ചവിട്ടാൻ ഇടയാകാതെ കുഴിയിലോ മറ്റോ ഒഴിച്ചുകളയണം.

# വിവാഹം

## മുൻകൂട്ടിക്രമീകരിക്കേണ്ട കാര്യങ്ങൾ

1. പ്രാർത്ഥനാമേശമേൽ മന്ത്രകോടി വയ്ക്കുന്നു. അതിന്റെ മദ്ധ്യത്തിൽ താലിയും (മിന്നും) അതിന്റെ വടക്ക് മന്ത്രകോടിമേൽ വരന്റെ മോതിരവും കിരീടവും കുരിശുമാലയും വയ്ക്കുന്നു. താലിയുടെ തെക്കുവശത്ത് വധുവിന്റെ മോതിരവും കിരീടവും (കുരിശുമാലയും) വയ്ക്കണം.

2. ഒന്നിൽ കൂടുതൽ വിവാഹങ്ങളുണ്ടെങ്കിൽ, വധൂവരന്മാർ നില്ക്കുന്ന ക്രമമനുസരിച്ച് അവരുടെ മന്ത്രകോടികൾ ക്രമപ്പെടുത്തിവയ്ക്കണം.

3. ഹൈക്ക്ലായിൽ വരൻ വടക്കുവശത്തും വധു വരന്റെ വലതുവശത്തും നിൽക്കുന്നു.

4. വധൂവരന്മാർ പള്ളിയിൽ പ്രവേശിക്കുമ്പോൾ മുതൽ ശുശ്രൂഷ അവസാനിക്കുന്നതുവരെ മദ്ബഹായുടെ തിരശ്ശീലവലിച്ച് മദ്ബഹാ തുറന്നിട്ടിരിക്കണം.

5. വിവാഹ രജിസ്റ്ററിൽ കാർമ്മികൻ വധൂവരന്മാരുടെ വിവരങ്ങൾ എഴുതിയതിനുശേഷം കാർമ്മികനെ അംശവസ്ത്രം ധരിക്കാൻ ശുശ്രൂഷകൻ സഹായിക്കണം.

## ശുശ്രൂഷക്രമം: ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പാട്ടുകളെല്ലാം പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നും പ്രാർത്ഥനകൾ കിഴക്കോട്ട് തിരിഞ്ഞുനിന്നുമാണ് ചൊല്ലുന്നത്.


www.malankaralibrary.com

2. ധൂപക്കുറ്റി ഉണ്ടായിരിക്കണം. പ്രുമിയോൻ, സെദറ വായിക്കുമ്പോൾ മദ്ബഹായിലും, മോതിരങ്ങളും മാലകളും ക്രമീകരിച്ചു വച്ചിരിക്കുന്ന മേശമേലും ജനങ്ങളുടെ മേലും ധൂപം വീശണം.
3. കാർമ്മികൻ മോതിരങ്ങളും, മാലകളും ആശീർവദിക്കുമ്പോൾ പുസ്തകം പിടിച്ചു കൊടുക്കുകയും കൈമണികിലുക്കുകയും ചെയ്യണം.
4. മോതിരങ്ങളും കിരീടങ്ങളും വധൂവരന്മാരെ അണിയിക്കുമ്പോൾ കാർമ്മികന് പുസ്തകവും മൈക്കും പിടിച്ച് കൊടുക്കുകയും വേണം.
5. ലേഖനം മുൻകൂട്ടി വായിച്ച് ഒരുങ്ങേണ്ടതാണ്. ത്രോണോസ് മുത്തി, മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ സ്ലീബായും മുത്തി വേണം ലേഖനം വായിക്കാൻ.
6. ലേഖനം വായിക്കുമ്പോൾ ശുശ്രൂഷകരിലൊരാൾ ഏവൻഗേലിയോൻ പീഠം മദ്ബഹായുടെ മദ്ധ്യഭാഗത്ത് എടുത്ത് വയ്ക്കുക. ശുശ്രൂഷകർ ഇരുവശങ്ങളിലും കത്തിച്ച മെഴുകുതിരികൾ പിടിക്കുകയും വേണം.
7. സമാപന അനുശാസനം നടത്തുമ്പോൾ കാർമ്മികന് പുസ്തകം പിടിച്ച് കൊടുക്കുക.

## രോഗീലേപനം

1. രോഗീലേപനത്തിനായിപോകുമ്പോൾ, കറുത്തകുപ്പായം, ഹയ്മ്നിയ, രോഗീസൈത്ത്, ചെറിയ കുരിശ്, കാലോടുകൂടിയ രണ്ട് മെഴുകുതിരികൾ, ധൂപക്കുറ്റി, കുന്തിരിക്കം എന്നിവ എടുക്കണം.
2. രോഗി കിടക്കുന്ന മുറിയിലോ അതിന് സമീപത്തോ ഒരു മേശയൊരുക്കി അതിന്മേൽ കുരിശും അതിന്റെ ഇരുവശങ്ങളിൽ മെഴുകുതിരികളും, മുമ്പിൽ രോഗീ സൈത്തും വയ്ക്കണം. കാർമ്മികന് കറുത്തകുപ്പായവും ഹയ്മ്നിയായും എടുത്ത് കൊടുക്കണം.
3. ഒന്നാമത്തെ ലേഖനം മേശയുടെ വടക്കുവശത്തും രണ്ടാമത്തെ ലേഖനം തെക്കുവശത്തും പടിഞ്ഞാറോട്ട് തിരിഞ്ഞുനിന്നുവേണം വായിക്കാൻ.
4. പ്രുമിയോൻ സെദറാ വായിക്കുമ്പോൾ രോഗികിടക്കുന്ന മുറിയിൽ മാത്രം ധൂപം വീശിയാൽ മതിയാകും. മിതമായി മാത്രം ധൂപാർപ്പണം നടത്തുക.
5. ഏവൻഗേലിയോൻ വായിക്കുമ്പോൾ തിരി പിടിക്കുവാൻ ശ്രദ്ധിക്കുക.
6. തൈലം പൂശുന്നസമയത്ത് പുസ്തകം പട്ടക്കാരന് സൗകര്യപ്രദമായ വിധത്തിൽ പിടിച്ച് കൊടുക്കുക.
7. തൈലാഭിഷേകത്തിനുശേഷം കാർമ്മികന് കൈ കഴുകാൻ വെള്ളം ഒഴിച്ച് കൊടുക്കുക.
8. രോഗീലേപനത്തോടൊപ്പം വി. കുർബ്ബാനകൂടി കൊടുക്കുന്നെങ്കിൽ മേശമേൽ വെള്ളത്തുണി വിരിച്ചിടുന്നു. അതിന്മേലാണ് കാർമ്മികൻ വി. കുർബാന ചെപ്പ് വയ്ക്കുക.


www.malankaralibrary.com







# പെരുന്നാളുകൾ







www.malankaralibrary.com



# ജനനപ്പെരുന്നാൾ

## മുൻകൂട്ടിക്രമീകരിക്കേണ്ട കാര്യങ്ങൾ

1) പള്ളിയുടെ പടിഞ്ഞാറുവശത്ത് തീ ഉഴലിച്ച ശുശ്രൂഷയ്ക്കാവശ്യമായ കുരിശിന്റെ ആകൃതിയിലുള്ള കുഴി സന്ധ്യയ്ക്ക് മുൻപുതന്നെ തയ്യാറാക്കണം.

2) തീ കത്തിക്കാനുള്ള വിറക് കനം കുറച്ച് കീറി ഉണക്കി വയ്ക്കണം. ഓശാനയുടെ കുരുത്തോല ബാക്കിയുള്ളത് ഉണക്കി വയ്ക്കണം. കുഴിയിൽ വിറകും ഓശാനയുടെ കുരുത്തോലകളും മുൻകൂട്ടി അടുക്കിവയ്ക്കുന്നത് നന്നായിരിക്കും.

3) പന്തം/പന്തങ്ങൾ ഉണ്ടാക്കി വെളിച്ചെണ്ണയിൽ മുക്കി വച്ചിരിക്കണം.

4) കുന്തിരിക്കം, മെഴുകുതിരി എന്നിവ ക്രമീകരിച്ചുവയ്ക്കണം.

## ശുശ്രൂഷാക്രമം: ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ശുശ്രൂഷകർ കുപ്പായം ധരിച്ച് കാർമ്മികനോടൊപ്പം സന്ധ്യ/രാത്രി പ്രാർത്ഥനയ്ക്കായി പ്രാർത്ഥനാമേശയുടെ മുൻപിലെത്തുന്നു.

2) രാത്രി പ്രാർത്ഥനയുടെ അവസാനം മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലുന്നതിന് തൊട്ടുമുൻപ് "ഹാലേലുയ്യ...." എന്ന പ്രാർത്ഥന ചൊല്ലുമ്പോൾ ത്രോണോസിലുള്ള മദ്ധ്യഭാഗത്തെ തിരികത്തിച്ച് തിരശീല നീക്കുന്നു.

3) "മാർ അപ്രേമിന്റെ ബോവൂസോ" ചൊല്ലിയതിനുശേഷം കാർമ്മികൻ വി. കുർബ്ബാനയുടെ ഒരുക്ക ശുശ്രൂഷ നടത്തുന്നു. അതിനുശേഷം കാർമ്മികനെ കാപ്പാ ധരിക്കുവാൻ ശുശ്രൂഷകൻ സഹായിക്കണം. ഈ സമയത്ത് ശുശ്രൂഷകരിലൊരാൾ പഴയനിയമവായനകൾ നടത്തുന്നു.

4) തുടർന്ന് ശുശ്രൂഷകർ കാർമ്മികനോടൊപ്പം കെസ്ത്രൂമയിൽ വന്ന് കുന്തിരിക്കം വാഴ്വിന്റെ ശുശ്രൂഷ നടത്തുന്നു.

5) ജനം പ്രദക്ഷിണത്തിനായി ഇറങ്ങുമ്പോൾ അവരുടെ കൈകളിൽ ശുശ്രൂഷകൻ കത്തിച്ച മെഴുകുതിരികൾ നൽകണം.

www.malankaralibrary.com

6) ശുശ്രൂഷകർ കാർമ്മികന്റെ മുമ്പിൽ ഇരുവശത്തുമായി കത്തിച്ച മെഴുകുതിരികൾ പിടിച്ചുകൊണ്ടും മർബഹാസകൾ കിലുക്കികൊണ്ടും പ്രദക്ഷിണം നടത്തുന്നു. കാർമ്മികൻ കൈകളിൽ ഏവൻഗേലിയോൻ വഹിക്കുന്നു.

7) പ്രദക്ഷിണം പടിഞ്ഞാറേ വാതിൽക്കലെത്തും മുമ്പ് ശുശ്രൂഷകരിലൊരാൾ ഏവൻഗേലിയോൻ പീഠം പടിഞ്ഞാറേ വാതിൽക്കൽ കുഴിയുടെ കിഴക്കുവശത്ത് ക്രമീകരിക്കണം.

8) പ്രദക്ഷിണമായി ദൈവാലയത്തിൽ നിന്നും ഇറങ്ങുന്നതിനുമുൻപ് പ്രധാന ശുശ്രൂഷകൻ കുന്തിരിക്കം ഇടുവിക്കണം.

9) ആശീർവദിച്ച കുന്തിരിക്കം പ്രദക്ഷിണമിറങ്ങുമ്പോഴോ ലേഖനം വായിച്ചുതീരുന്നതിനു മുമ്പോ വിശ്വാസികൾക്ക് ശുശ്രൂഷകർ നൽകണം.

10) പ്രുമിയോൻ സെദറാ പ്രാർത്ഥനകൾക്ക് ശേഷം "പൗലോസ് ശ്ലീഹാ..." 'പാടുന്നു. അപ്പോൾ കുഴിയുടെ കിഴക്കുവശത്ത് തെക്കുഭാഗത്ത് നിന്ന് ശുശ്രൂഷകൻ ലേഖനം വായിക്കുന്നു.

11) തുടർന്ന് കാർമ്മികൻ പടിഞ്ഞാറോട്ടുതിരിഞ്ഞ് ഏവൻഗേലിയോൻ വായിക്കുന്നു. "കർത്താവിന്റെ മഹത്വം അവരുടെമേൽ പ്രകാശിച്ചു" എന്ന് വായിച്ച് കഴിയുമ്പോൾ ശുശ്രൂഷകൻ പന്തം കത്തിച്ച് കാർമ്മികന്റെ കൈയ്യിൽ കൊടുക്കുന്നു.

12) കാർമ്മികൻ കുഴിയുടെ കിഴക്കുവശത്തും പിന്നീട് പടിഞ്ഞാറും വടക്കും തെക്കും ഭാഗങ്ങളിലും തീ കത്തിക്കുന്നു. ഈ സമയത്ത് ശുശ്രൂഷകർ കാർമ്മികന്റെ കാപ്പായിൽ തീപിടിക്കാതെ ഉയർത്തിപ്പിടിക്കണം.

13) കാർമ്മികൻ സുവിശേഷവായന തുടരുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി" മൂന്നു പ്രാവശ്യം ജനങ്ങൾക്ക് ചൊല്ലിക്കൊടുക്കുന്നു. അതിനുശേഷം "അത്യുന്നതങ്ങളിൽ സ്വർഗീയ മാലാഖമാരും..." എന്ന മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിക്കൊണ്ട് കാർമ്മികനും ശുശ്രൂഷകരും രണ്ടുപ്രാവശ്യം പടിഞ്ഞാറുനിന്ന് തെക്കുവശത്തുകൂടെയും ഒരു പ്രാവശ്യം വടക്കുവശത്തു കൂടെയും തീകുണ്ഡത്തിനു പ്രദക്ഷിണം വയ്ക്കുകയും കുന്തിരിക്കം അഗ്നിയിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

14) ജനം കുന്തിരിക്കം തീയിൽ നിക്ഷേപിച്ചതിനുശേഷം കാർമ്മികൻ ഏവൻഗേലിയോൻ വായന തുടരുന്നു. അതിനുശേഷം പ്രദക്ഷിണം പൂർത്തിയാക്കി ദൈവാലയത്തിൽ പ്രവേശിച്ച് സ്ലീബാ ആഘോഷം നടത്തുന്നു. ഇതിനുള്ള സ്ലീബാ ശുശ്രൂഷകർ മുൻകൂട്ടി സജ്ജീകരിച്ചു വയ്ക്കണം.

www.malankaralibrary.com

15) സ്ലീബാ ആഘോഷത്തിനു കാർമ്മികന് ശുശ്രൂഷകരിലൊരാൾ പുസ്തകവും മറ്റൊരാൾ മൈക്കും പിടിച്ചുകൊടുക്കണം. ഇരുവശങ്ങളിലും കത്തിച്ച മെഴുകുതിരികൾ വഹിച്ച് രണ്ട് ശുശ്രൂഷകരും, മർബഹാസകൾ കിലുക്കാൻ രണ്ട് ശുശ്രൂഷകരും ഉണ്ടായിരിക്കണം.

16) കാർമ്മികൻ "ഹൗദ് മാലാഖേ" എന്നു പറഞ്ഞ് സ്ലീബാ ഉയർത്തുമ്പോഴെല്ലാം ശുശ്രൂഷകർ മർബഹാസയും മണിയും കിലുക്കുന്നു. നാലു ദിക്കിനെയും ആശീർവദിച്ചശേഷം ശുശ്രൂഷകൾ സമാപിക്കുന്നു. കാർമ്മികന് കൈകഴുകാൻ ശുശ്രൂഷകൻ വെള്ളം നൽകുന്നു. തുടർന്ന് വി. കുർബ്ബാന ആരംഭിക്കുന്നു.

# ഓശാന

## മുൻകൂട്ടിക്രമീകരിക്കേണ്ട കാര്യങ്ങൾ

1) ഒരു കുരുത്തോല തണ്ടോടെയെടുത്ത് അതിന്റെ അഗ്രം മുറിച്ച് ഒരു കുരിശ് കെട്ടിയുണ്ടാക്കി ബാക്കിയുള്ള കുരുത്തോലകൾ രണ്ടുവശങ്ങളിലേക്ക് വളച്ച് കെട്ടി മനോഹരമാക്കി സ്ലീബാആഘോഷത്തിനും, പ്രദക്ഷിണത്തിനും കാർമ്മികന് ഉപയോഗിക്കാനുള്ള സ്ലീബാ ഉണ്ടാക്കണം.

2) വിശ്വാസികൾ കൊണ്ടുവരുന്ന കുരുത്തോലകൾ മുറിച്ചെടുത്ത് നമസ്കാരമേശയിൽ അടുക്കി വയ്ക്കുക. വിതറുവാനുള്ള പുഷ്പങ്ങളിൽ കുരുത്തോലകൾ കൂടി അരിഞ്ഞിടാവുന്നതാണ്. കാർമ്മികനാവശ്യമായ പൂക്കൾ ചെറിയ പാത്രങ്ങളിൽ നമസ്കാര മേശയിൽ സൂക്ഷിക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്യുക.

## ശുശ്രൂഷക്രമം : ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) കാർമ്മികൻ കറുത്ത പുറംകുപ്പായവും, ശുശ്രൂഷകർ ശുശ്രൂഷ കുപ്പായവും ധരിച്ച് പ്രഭാത പ്രാർത്ഥന നടത്തുന്നു. മൂന്നാം മണിയുടെ പ്രാർത്ഥനയ്ക്കുശേഷം കാർമ്മികൻ മദ്ബഹായിൽ പ്രവേശിച്ച് വി. കുർബാനയുടെ ഒരുക്ക ശുശ്രൂഷ നടത്തുന്നു, അംശവസ്ത്രങ്ങൾ ധരിക്കുന്നു. ഈ സമയത്ത് ശുശ്രൂഷകരിലൊരാൾ പഴയനിയമം വായിക്കണം.

2) അംശവസ്ത്രങ്ങളണിഞ്ഞ കാർമ്മികനും ശുശ്രൂഷകരും നമസ്കാരമേശയ്ക്ക് മുൻപിൽ വന്ന് കുരുത്തോല വാഴ്വിന്റെ ക്രമം ആരംഭിക്കുന്നു.

www.malankaralibrary.com

3) മാർ യാക്കോബിന്റെ ബോവൂസോയ്ക്കുശേഷം പഴയനിയമത്തിൽ നിന്നും ലേഖനങ്ങളിൽ നിന്നുമുള്ള വായനകൾ ശുശ്രൂഷകർ നടത്തണം.

4) തുടർന്ന് കാർമ്മികൻ ഏവൻഗേലിയോൻ വായിക്കുന്നു. അതിനിടയിൽ ഗദ്യം ചൊല്ലിക്കൊടുക്കുകയും പാട്ട് മൂന്നുതവണ പാടുകയും ചെയ്യുന്നു. ഈ വാക്യം ചൊല്ലുമ്പോൾ പൂക്കൾ വിതറാനായി പൂക്കളുടെ പാത്രം ശുശ്രൂഷകൻ പിടിച്ചുകൊടുക്കുന്നു.

5) അനന്തരം മദ്ബഹായുടെ തെക്കുവശത്ത് ഒരു പടിയിറങ്ങി പടിഞ്ഞാറോട്ടുതിരിഞ്ഞ് നിന്ന് രണ്ട് ശുശ്രൂഷകർ മാറി മാറി ലുത്തിനിയാ ചൊല്ലുന്നു.

6) "നമ്മുടെ മുമ്പാകെ വയ്ക്കപ്പെട്ടിരിക്കുന്ന ഈ കുരുത്തോലകൾ..." ഇത്യാദി ചൊല്ലികൊണ്ട് കുരുത്തോലകൾ വാഴ്ത്തുമ്പോൾ ശുശ്രൂഷകർ മണിയും മർബഹാസയും കിലുക്കുന്നു.

7) കുരുത്തോലകൾ കൊണ്ടുണ്ടാക്കിയ കുരിശുകൊണ്ട് കാർമ്മികൻ സ്ലീബാ ആഘോഷം നടത്തുന്നു. കാർമ്മികന്റെ ഇരുവശങ്ങളിലും കത്തിച്ച മെഴുകുതിരികളും മർബഹാസയും പിടിക്കേണ്ടതാണ്.

8) അത്തരം വാഴ്ത്തപ്പെട്ട കുരുത്തോലകൾകൊണ്ട് ത്രോണോസും മ്നൊർത്തയും ശുശ്രൂഷകർ അലങ്കരിക്കണം.

9) വാഴ്ത്തപ്പെട്ട കുരുത്തോലകൾ വിശ്വാസികൾക്ക് ശുശ്രൂഷകൻ കൊടുക്കണം.

10) "യേറുശലേമിലെ ഉന്നതമാം..." എന്ന പ്രദക്ഷിണഗീതം ആലപിച്ചുകൊണ്ട് വിശ്വാസികൾ വടക്കേവാതിൽ വഴി ഇറങ്ങുന്നു. ഏറ്റവും പുറകിലായി കാർമ്മികൻ കുരുത്തോല കൊണ്ടുണ്ടാക്കിയ കുരിശും വഹിച്ചുകൊണ്ട് ഇറങ്ങുന്നു. ശുശ്രൂഷകർ കത്തിച്ച മെഴുകുതിരികളും മർബഹാസയുമായി കാർമ്മികന്റെ ഇരുവശവും നടക്കണം. പ്രധാനശുശ്രൂഷകൻ കുരിശിന് ധൂപം വീശികൊണ്ട് മുമ്പിൽ നടക്കണം.

11) പ്രദക്ഷിണം പടിഞ്ഞാറേ വാതിൽക്കൽ എത്തുമ്പോൾ കാർമ്മികൻ സുവിശേഷം വായിക്കുന്നതിന് ഏവൻഗേലിയോൻ പീഠം സജ്ജമാക്കണം. "ബാറെക്മോർ നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന..." ഇത്യാദി പ്രധാന ശുശ്രൂഷകൻ ചൊല്ലുന്നു.

12) കാർമ്മികന് സുവിശേഷവായനയ്ക്കിടയിൽ വിതറാനുള്ള പൂക്കൾ ഒരു പാത്രത്തിൽ ശുശ്രൂഷകൻ കരുതിയിരിക്കണം.

www.malankaralibrary.com

13) പ്രദക്ഷിണം പൂർത്തിയാക്കി ദൈവാലയത്തിൽ പ്രവേശിച്ച് വി. കുർബ്ബാന ആരംഭിക്കുന്നു. ശുശ്രൂഷകൻ കാർമ്മികന് കൈകഴുകാനുള്ള വെള്ളം നൽകുന്നു.

## ഹാശാ ആഴ്ച



1) ഹാശാ ആഴ്ചയിൽ കൈമുത്തുകയോ, സമാധാനം കൊടുക്കുകയോ ചെയ്യുന്നില്ല.
2) "ദൈവമേ നീ പരിശുദ്ധനാകുന്നു" എന്നതിനു പകരം അതാതു ദിവസത്തിന്റെ കൗമാ ചൊല്ലുന്നു. തുടർന്ന് "കുറിയേലായിസ്സോൻ" എന്ന് മൂന്നു പ്രാവശ്യം ചൊല്ലുന്നു.
3) ഏവൻഗേലിയോൻ വായിക്കുന്നതിന് മുമ്പുള്ള "ഗീതം" ഓരോ ദിവസത്തേയും അതാതു ദിവസത്തിന്റെ പ്രഭാതപ്രാർത്ഥനയുടെ ഹൂലോലയാണ്.
4) ഏവൻഗേലിയോൻ വായിക്കുന്നതിന് മുമ്പുള്ള പ്രധാന ശുശ്രൂഷകന്റെ പ്രസ്താവന (ബാറെക്മോർ, നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന...) ചൊല്ലേണ്ട ആവശ്യമില്ല.
5) സമാധാനം നൽകാത്തതുകൊണ്ട് ശുശ്രൂഷകൻ വിശ്വാസപ്രമാണത്തിനുശേഷമുള്ള കാർമ്മികന്റെ ആദ്യപ്രാർത്ഥനയ്ക്കുശേഷം മറ്റു പ്രസ്താവനകൾ വിട്ട് "കരുണയുള്ള കർത്താവിന്റെ മുമ്പാകെ..." എന്ന പ്രസ്താവന മാത്രം പറയുന്നു.
6) തുബ്ദേൻ (മദ്ധ്യസ്ഥ പ്രാർത്ഥന) ദൈവത്തോടു നടത്തുന്ന അപേക്ഷകളായതിനാൽ ഒഴിവാക്കേണ്ടതില്ല.
7) അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് "അൻപുടയോന്" പകരം "നാഥാ തേ സ്തുതി..." പാടാവുന്നതാണ്.

   "നാം ദൈവസുതന്മാരാവാൻ..." എന്ന ഗീതം പാടാവുന്നതാണ്, എന്നാൽ കുക്കിലിയോനുകൾ ഉണ്ടായിരിക്കുന്നതല്ല. പകരം കൗമായും "നാഥാ തേ സ്തുതി..." ഇത്യാദി ചൊല്ലേണ്ടതാണ്.
8) ഹാശാ ആഴ്ചയിൽ മ്നൊർത്തോ (ഗോഗുൽത്ത) അഴിക്കകത്ത് (കെസ്ത്രൂമായിൽ) മദ്ബഹായുടെ വാതിലിന്റെ വടക്കുവശത്തും ഏവൻഗേലിയോൻ പീഠം വാതിലിന്റെ തെക്കുവശത്തും

www.malankaralibrary.com

സ്ഥാപിച്ചിരിക്കണം. മ്നൊർത്ത (ഗോഗുൽത്താ)യിലുള്ള ചിത്തോലയും കുരിശിൽ ഇടുന്ന ഊറാറായും കറുത്ത നിറമായിരിക്കണം.

9) വി. രഹസ്യങ്ങളുടെ സ്വീകരണം കഴിഞ്ഞ് "സ്തുതി ദൈവത്തിന്നുയരത്തിൽ..." എന്ന ഗീതം ചൊല്ലുകയില്ല.

10) ഹാശാ ആഴ്ചയിലെ യാമപ്രാർത്ഥനകളിൽ "സെദറാ" "ബോത്തേദ് ഹാശോ" എന്നിവ ചൊല്ലുമ്പോൾ ശുശ്രൂഷകരും അവരോടൊപ്പം വിശ്വാസികളും ധ്യാനപൂർവ്വം കുമ്പിടുന്നു.

## പെസഹാ

1. ഹാശായാഴ്ചയിലെ വിശുദ്ധ കുർബാനയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് പെസഹാ വ്യാഴാഴ്ച്ചത്തെ വിശുദ്ധ കുർബാനയിൽ സഹായിക്കേണ്ടത്.
2. "ഭൂവിലശേഷം...", "പൗലോസ് ശ്ലീഹാ..." എന്നീ ഗീതങ്ങൾ പാടാവുന്നതാണ്.
3. പെസഹാ പെരുന്നാളിന്റെ കുർബ്ബാനയ്ക്ക് മ്നോർത്തയിലേയും ത്രോണോസിലെയും ചിത്തോലകൾ ചുവപ്പുനിറമായിരിക്കും.

## ദുഃഖവെള്ളി



### മുൻകൂട്ടിക്രമീകരിക്കേണ്ട കാര്യങ്ങൾ

1) പഞ്ഞി
2) പനിനീർ (Rose water), കുന്തിരിക്കം, സാമ്പ്രാണി, സെന്റ്
3) കെത്താന (അഞ്ചുമുഴം നീളവും മൂന്നുമുഴം വീതിയുമുള്ള പുതിയ വെള്ള കോട്ടൻ തുണി)
4) വിനാഗിരി, ചെന്നിനായകം
5) ഓശാന ഞായറാഴ്ച ഉപയോഗിച്ച കുരുത്തോല
6) സ്ലീബാ വന്ദനവിന് ആവശ്യമായ മൺചട്ടി, ചിരട്ടക്കരി, വീശാനുള്ള വിശറി.
7) ത്രോണോസിൽനിന്ന് ചിത്തോലയും തിരിക്കാലുകളും മാറ്റേണ്ടതാണ്

NB:- ചൊറുക്കാ (കയ്പുനീർ) ഉണ്ടാക്കുന്ന വിധം: കുറേ ചൂടുവെള്ളത്തിൽ അല്പം ചെന്നിനായകം കലർത്തി പാകത്തിന് വിനാഗിരി ചേർക്കണം. പാവലിന്റെ ഇല പിഴിഞ്ഞ് കിട്ടുന്ന നീരും ഇതിന്റെ കൂടെ ചേർക്കാവുന്നതാണ്.

8) ഓരോ യാമപ്രാർത്ഥനയ്ക്കും ശേഷമുള്ള വേദവായനകൾ ശുശ്രൂഷകർ മുൻകൂട്ടി വായിച്ചൊരുങ്ങിയിരിക്കണം.

www.malankaralibrary.com

9) ശുശ്രൂഷകർ ശുശ്രൂഷകളിൽ ആദ്യന്തം ശുശ്രൂഷാകുപ്പായം ധരിച്ചിരിക്കേണ്ടതാണ്.

## ശുശ്രൂഷകളുടെ ക്രമീകരണം

1) പ്രഭാതപ്രാർത്ഥനയ്ക്കും മൂന്നാംമണിയുടെ പ്രാർത്ഥനയ്ക്കുംശേഷം ഒന്നാം ശുശ്രൂഷ ആരംഭിക്കുന്നു. മൂന്നാം മണിയുടെ പ്രാർത്ഥനയ്ക്ക് ശേഷം കാർമ്മികന് അംശവസ്ത്രങ്ങൾ എടുത്തുകൊടുക്കണം. കെത്താന (വെള്ളതുണി) കാർമ്മികന്റെ വലതുതോളിൽ വിരിച്ചി ട്ടുകൊടുക്കണം.

2) കാർമ്മികൻ കുരിശും തോളിൽ വഹിച്ചുകൊണ്ട് ദൈവാലയ ത്തിനുള്ളിൽ വച്ച് ഏവൻഗേലിയോൻ വായിക്കുന്നു. അതിനുശേഷം തെക്കേവാതിൽ വഴി പ്രദക്ഷിണം ഇറങ്ങുന്നു. പ്രധാന ശുശ്രൂഷ കൻ കുന്തിരിക്കം ഇടുവിക്കുന്നു.

3) ഈ പ്രദക്ഷിണത്തിന് കുരിശ്, കുട, കൊടി, നടപന്തൽ എന്നിവ ഉപയോഗിക്കുന്നില്ല.

4) പ്രദക്ഷിണസമയത്ത് കാർമ്മികന്റെ ഇടത്തും വലത്തും രണ്ട് ശുശ്രൂ ഷകർ കത്തിച്ച തിരികളുമായി ഉണ്ടാകണം. പ്രധാന ശുശ്രൂഷകൻ കാർമ്മികനു മുന്നിൽ നിന്നു വേണം ധൂപം വീശാൻ.

5) പ്രദക്ഷിണം പടിഞ്ഞാറേ വാതിൽക്കൽ എത്തുമ്പോൾ ഏവൻഗേ ലിയോൻ വായിക്കുന്നതിന് ശുശ്രൂഷകരിലൊരാൾ കാർമ്മികന് പുസ്തകം കാണിച്ചുകൊടുക്കണം. അല്ലെങ്കിൽ ഏവൻഗേലിയോൻ പീഠം മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്. പ്രദക്ഷിണത്തിനുശേഷം ദൈവാലയത്തിൽ എത്തി കാർമ്മികൻ കാപ്പാ മാറ്റി കറുത്ത കുപ്പായം ധരിക്കന്നു.

6) ആറാം മണിയുടെയും ഒമ്പതാം മണിയുടെയും പ്രാർത്ഥനകൾ നടത്തുമ്പോൾ മ്നോർത്തയിൽ (ഗോഗുൽത്താ) മർബഹാസകൾ വയ്ക്കുന്നില്ല, തിരികൾ കത്തിക്കുന്നുമില്ല.

7) ഒമ്പതാം മണിയുടെ പ്രാർത്ഥനയ്ക്കുശേഷം ശുശ്രൂഷകൻ പഴയ നിയമവായനകൾ നടത്തുന്നു.

## സ്ലീബാ വന്ദനവിന്റെ ശുശ്രൂഷ

8) ശുശ്രൂഷകരിലൊരാൾ കാർമ്മികനെ അംശവസ്ത്രം ധരിക്കാൻ സഹായിക്കുന്നു. നമസ്കാരമേശയിൽ കെത്താനാ വിരിച്ച് അതി ന്മേൽ കുരിശുവയ്ക്കുകയും ശുശ്രൂഷകർ അതിന്റെ ഇരുവശത്തും

www.malankaralibrary.com

മെഴുകുതിരികൾ കത്തിച്ചുവയ്ക്കുകയും ചെയ്യുന്നു. ഈ സമയത്ത് മനോർത്തയിൽ (ഗോഗുൽത്തായിൽ) ശുശ്രൂഷകരിലൊരാൾ വീണ്ടും തിരികൾ കത്തിക്കണം.

9) കാർമ്മികനും ശുശ്രൂഷകരും പ്രാർത്ഥനാ മേശയുടെ മുമ്പിൽ നിന്ന് ശുശ്രൂഷകൾ ആരംഭിക്കുന്നു.

10) ഏവൻഗേലിയോൻ വായനയ്ക്കിടയിൽ "അവൻ തലചായ്ച് ആത്മാവിനെ സമർപ്പിച്ചു'' എന്ന് പറയുമ്പോൾ കാർമ്മികൻ മ്നോർത്തയിലെ (ഗോഗുൽത്ത) തിരി കെടുത്തുന്നു.

11) അതിനുശേഷം സ്ലീബാ ആഘോഷം നടത്തുന്നു. ശുശ്രൂഷകരിലൊരാൾ കാർമ്മികന് പുസ്തകം കാണിച്ചുകൊടുക്കുന്നു. മറ്റൊരാൾ മൈക്ക് പിടിച്ചുകൊടുക്കുന്നു.

12) തുടർന്ന് സ്ലീബാവന്ദനവ് നടത്തുന്നു. മദ്ബഹായുടേയോ കെസ്ത്രൂമായുടേയോ പടികളിൽ കെത്താന (വെള്ളവിരി) വിരിച്ച് കുരിശ് കിഴക്കുപടിഞ്ഞാറായി കിടത്തുന്നു. ശുശ്രൂഷകർ കുരിശിന്റെ ഇരുവശത്തും മെഴുകുതിരികൾ കത്തിച്ചു വയ്ക്കുന്നു.

13) കാർമ്മികൻ ധൂപക്കുറ്റിയിൽ കുന്തിരിക്കം ഇടുവിച്ച് ധൂപം അർപ്പിക്കുന്നു. തുടർന്ന് കാർമ്മികനും ശുശ്രൂഷകരും കുരിശ് കുമ്പിട്ട് നേർച്ച ഇടുന്നു.

14) കനലുള്ള മൺചട്ടിയിൽ കുന്തിരിക്കം ഇട്ട് ശുശ്രൂഷകർ സ്ലീബായുടെ ഇരുവശങ്ങളിലും പുകയ്ക്കുന്നു.

15) കുമ്പിടുന്ന സമയത്ത് പാടാവുന്ന പാട്ട് പാടുകയും ഗദ്യരൂപം ശുശ്രൂഷകൻ ചൊല്ലിക്കൊടുത്ത് ജനങ്ങളെ കൊണ്ട് ഏറ്റുചൊല്ലിക്കുകയും ചെയ്യുന്നു.

16) എല്ലാവരും കുമ്പിട്ട് കഴിയുമ്പോൾ കാർമ്മികൻ ഒരിക്കൽ കൂടി സ്ലീബായ്ക്ക് ധൂപം വീശുന്നു. അതിനുശേഷം മൂന്നാം ശുശ്രൂഷ ആരംഭിക്കുന്നു.

## കബറടക്ക ശുശ്രൂഷ

1) സ്ലീബാ വന്ദനവിനുശേഷം കാർമ്മികൻ ഇരുകൈകളും മുമ്പോട്ടു നീട്ടി കെത്താന (വെള്ളത്തുണി) നെടുനീളെ കൈകളിൽ വിരിച്ചിടുന്നു. തോൾമുതൽ കൈപ്പത്തികൾവരെ കെത്താന വിടർത്തി ഇടുന്നു. ശുശ്രൂഷകർ സമയോചിതം ഇതിനായി കാർമ്മികനെ സഹായിക്കുന്നു.

www.malankaralibrary.com

2) അനന്തരം ശുശ്രൂഷകരിലൊരാൾ ഭക്തിയോടെ കുരിശെടുത്ത് കുരിശിന്റെ തല (മുകൾഭാഗം) കാർമ്മികന്റെ വലതുകൈയ്യിലും ചുവട് ഇടതുകൈയിലും ആയി കിടത്തിയിട്ട് കെത്താന മടക്കി കുരിശിന്റെ ചുവടും കവരങ്ങളും മൂടുന്നു.

3) അനന്തരം ദൈവാലയത്തിനകത്തുള്ള പ്രദക്ഷിണം ആരംഭിക്കുന്നു. മെഴുകുതിരികൾ, മറുബഹാസകൾ, ധൂപകലശം എന്നിവ ശുശ്രൂഷകൾ വഹിച്ചിരിക്കണം. ധൂപകലശം വഹിക്കുന്ന ശുശ്രൂഷകൻ കാർമ്മികന്റെ മുമ്പിൽ കുരിശിന്റെ നേർക്ക് ധൂപം വീശിക്കൊണ്ടിരിക്കണം.

4) കാർമ്മികൻ പടിഞ്ഞാറോട്ടുതിരിഞ്ഞ് ഏവൻഗേലിയോൻ വായിച്ചതിനുശേഷം തെക്കോട്ട് തിരിഞ്ഞ് പടിഞ്ഞാറോട്ട് ഭിത്തിക്കരികിൽകൂടി രണ്ടുപ്രാവശ്യം പ്രദക്ഷിണം ചെയ്ത് കിഴക്കു മദ്ധ്യഭാഗത്ത് വരുമ്പോൾ വടക്കോട്ട് തിരിഞ്ഞ് ഒരു പ്രാവശ്യം പ്രദക്ഷിണം നടത്തണം. ഈ സമയത്ത് "റംശാദേശത്തിന്നൊരു..." എന്ന ഗീതം പാടണം.

5) ഓരോ തവണയും ഗീതത്തിന്റെ അവസാനം ജനം ഗദ്യം ഏറ്റു ചൊല്ലുമ്പോൾ കാർമ്മികനും ശുശ്രൂഷകരും തൽസ്ഥാനത്ത് നിൽക്കേണ്ടതാണ്.

6) മൂന്നു പ്രാവശ്യം പ്രദക്ഷിണം കഴിഞ്ഞ് കാർമ്മികനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിക്കുന്നതിന് മറ തുറക്കുന്നു. അവർ മദ്ബഹായിൽ പ്രവേശിച്ചാലുടൻ മറ പൂർണ്ണമായും ഇടുന്നു.

## കബറടക്ക ശുശ്രൂഷ (മദ്ബഹായ്ക്കുള്ളിൽ)

1) ത്രോണോസിലേക്ക് പോയി കാർമ്മികൻ കുരിശ് കയ്യിൽ പിടിച്ചിരുന്ന പ്രകാരം തന്നെ പിടിച്ചുകൊണ്ട് ദർഗായിൽ കയറിനിന്ന് കുരിശിന്റെ കവരങ്ങൾ ചൊറുക്കായിൽ മുക്കുന്നു. അനന്തരം കുരിശിൻമേൽ പനിനീർ ഒഴിച്ച് കഴുകുന്നതിനായി പനിനീർ ശുശ്രൂഷകൻ എടുത്ത് കൊടുക്കണം. ചൊറുക്കാ ഇരിക്കുന്ന പാത്രത്തിൽ തന്നെ പനിനീർ വീഴ്ത്തണം. അതിനുശേഷം ആ പാത്രം മാറ്റിവയ്ക്കണം.

2) തുടർന്ന് കാർമ്മികൻ വെള്ളതുണി വിരിച്ച് അതിൽ പഞ്ഞി കുരിശാകൃതിയിൽ നിരത്തുന്നു. കഴുകിയ കുരിശ് പഞ്ഞിയിൻമേൽ വച്ച് കഴിയുമ്പോൾ കുന്തിരിക്കവും മറ്റ് സുഗന്ധവർഗങ്ങളും പട്ടക്കാരന് എടുത്ത് കൊടുക്കണം. വീണ്ടും അതിന്റെ മുകളിൽ നിരത്തുവാനുള്ള പഞ്ഞികൊടുക്കണം. പിന്നീട് കുരിശ് വെള്ള തുണികൊണ്ട് പൊതിയുന്നു. കെട്ടുവാനായി ഓശാനയുടെ വാഴ്ത്തിയ കുരുത്തോ

www.malankaralibrary.com

ലകൾ നൽകുന്നു. അനന്തരം കുരിശ് കബറിൽ വയ്ക്കുന്നു. കുരിശ് കിഴക്കോട്ട് ചരിക്കുന്നതിനായി മെഴുകുതിരി കാലുകൾ എടുത്തു കൊടുക്കുന്നു.

3) കബർ പൂട്ടുന്നു. ശുശ്രൂഷകൻ വാതിലിന് പുറത്ത് കെടാവിളക്ക് തെളിച്ച് വയ്ക്കണം. അത് ഉയിർപ്പുവരെ കെട്ടുപോകാതിരിക്കാൻ ശുശ്രൂഷകൻ ശ്രദ്ധിക്കണം. അനന്തരം "കബറിലുറങ്ങും..." ഇത്യാതി താഴ്ന്ന സ്വരത്തിൽ ചൊല്ലി ധൂപം അർപ്പിക്കുന്നു. ശുശ്രൂഷകൻ ധൂപകുറ്റിയിൽ കുന്തിരിക്കം ഇടുവിക്കുന്നു. ധൂപക്കുറ്റി കാർമ്മികന് നൽകുന്നു.

4) കബറടക്ക ശുശ്രൂഷയിൽ മദ്ബഹായിൽ കാർമ്മികരും ശുശ്രൂഷകരും പ്രവേശിക്കുമ്പോൾ മുതൽ ശുശ്രൂഷകരിലൊരാൾ "കുറിയേലായിസോൻ" എന്ന് ചൊല്ലികൊടുക്കണം. ജനം അത് ഏറ്റുചൊല്ലുന്നു.

5) കബറടക്ക ശുശ്രൂഷ കഴിഞ്ഞ്, മാലാഖമാരുടെ സ്തുതിപ്പ്, കൗമ, വിശ്വാസപ്രമാണം, കുക്കിലിയോനു പകരം "മിശിഹാ തവ മൃതിയാൽ ജീവൻ..." "നാഥാ തേ സ്തുതി..." ഇത്യാദിയും ചൊല്ലുന്നു. തുടർന്ന് ചൊറുക്കാ കൊടുക്കുന്നു.

6) കബറടക്കത്തിനുശേഷം ഞായറാഴ്ച സന്ധ്യാപ്രാർത്ഥനവരെ മദ്ബഹായുടെ മറ തുറക്കരുത്.

# ഉയിർപ്പ്



## മുൻകൂട്ടി ക്രമീകരിക്കേണ്ട കാര്യങ്ങൾ

1) ദുഃഖസൂചകമായ കറുത്ത വിരികളെല്ലാം ശനിയാഴ്ച വൈകിട്ട് സന്ധ്യാപ്രാർത്ഥനയ്ക്ക് മുൻപ് മാറ്റി ഉയിർപ്പു പെരുന്നാളിനു ചേരുന്ന ചിത്തോലകളും വിരികളും ഇടണം. ത്രോണോസും പള്ളിയും ശുശ്രൂഷകർ അലങ്കരിക്കുന്നു.

2) കബറിൽ നിന്ന് ഉയിർപ്പിക്കുന്ന കുരിശിൽ ചുറ്റുന്നതിനായി അതിന്റെ ഊറാറയും സ്ലീബാ മൂടുവാൻ ചുവന്ന ശോശപ്പായും തയ്യാറാക്കി വയ്ക്കണം.

3) പ്രദക്ഷിണത്തിനു ആവശ്യമായ ചെറിയ തിരികൾ ഒരുക്കി വയ്ക്കണം.

4) മ്നോർത്ത (ഗോഗുൽത്ത) ചുവന്ന ചിത്തോലയിട്ട് മദ്ബഹായുടെ വടക്കുവശത്ത് തയ്യാറാക്കി വയ്ക്കണം.

## ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ദുഃഖശനിയാഴ്ച അവസാനിക്കുന്ന സന്ധ്യയ്ക്ക് ക്യംതായുടെ

www.malankaralibrary.com

സന്ധ്യാപ്രാർത്ഥന നടത്തുന്നു. ശുശ്രൂഷകർ കുപ്പായം ധരിച്ച് വൈദികനോടൊപ്പം സന്ധ്യാപ്രാർത്ഥന ആരംഭിക്കുന്നു.

2) ത്രോണോസിന്മേൽ പതിവുപോലെ തിരികൾ കത്തിക്കുന്നു. എന്നാൽ ഈ സമയത്ത് തിരശ്ശീല വലിക്കുന്നില്ല.

3) രാത്രിപ്രാർത്ഥനയുടെ മൂന്നാം കൗമയ്ക്ക് ശേഷം കാർമ്മികനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിക്കുന്നു. ശുശ്രൂഷകരിലൊരാൾ പുരോഹിതനെ അംശവസ്ത്രങ്ങൾ ധരിക്കാൻ സഹായിക്കുന്നു.

4) അതിനുശേഷം കബർ തുറന്ന് കാർമ്മികൻ കുരിശെടുത്ത് വൃത്തിയാക്കുന്നു. ചുവന്ന ഊറാറാ ധരിപ്പിക്കുകയും മൂന്ന് കവരങ്ങളും മൂടുന്ന ചുവന്ന ശോശപ്പാ ഇടുകയും ചെയ്യുന്നു.

5) ത്രോണോസിനുമുകളിൽ കബറടക്കുന്ന പള്ളികളിൽ ഈ സമയത്ത് കറുത്തവിരികൾ മാറ്റി ത്രോണോസ് വൃത്തിയാക്കി ചിത്തോല ഇട്ട് വി. കുർബ്ബാനയ്ക്ക് ഒരുക്കിവയ്ക്കുന്നു.

6) ഈ സമയം ശുശ്രൂഷകൻ മ്നോർത്ത (ഗോഗുൽത്താ) എടുത്ത് ചുവന്ന ചിത്തോല ധരിപ്പിച്ച് ത്രോണോസിന്റെ മുമ്പിൽ വയ്ക്കുന്നു. കാർമ്മികൻ കുരിശ് മ്നോർത്താമേൽ സ്ഥാപിക്കുന്നു. കുരിശിന്റെ ഇരുവശവും മർബഹാസാകളും മെഴുകുതിരിയും വയ്ക്കേണ്ടതാണ്.

7) തുടർന്ന് ഉയിർപ്പ് പ്രഖ്യാപനത്തിന് മുമ്പുള്ള ശുശ്രൂഷ രഹസ്യത്തിൽ കാർമ്മികൻ നടത്തുന്നു. കുക്കിലിയോൻ ചൊല്ലുമ്പോൾ കാർമ്മികൻ തന്നെ കുരിശിന് ധൂപം വീശുന്നു.

8) രഹസ്യശുശ്രൂഷ തീരാറാകുമ്പോഴേക്കും ത്രോണോസിലുള്ള എല്ലാ തിരികളും കത്തിക്കുന്നു. ഹൈക്കലായിൽ രാത്രിപ്രാർത്ഥന ചൊല്ലി തീരുമ്പോൾ ഉയർപ്പിന്റെ പ്രസ്താവന വരെയുള്ള സമയം "കുറിയേലായിസോൻ" എന്ന് ജനത്തിന് ശുശ്രൂഷകൻ ചൊല്ലിക്കൊടുക്കുന്നു. ഈ സമയത്ത് ജനങ്ങൾ കത്തിച്ച് പിടിക്കുന്നതിനായി മെഴുകുതിരികൾ കൊടുക്കുന്നു.

9) രഹസ്യ ശുശ്രൂഷ കഴിഞ്ഞ് കാർമ്മികൻ കുരിശ് കൈയ്യിൽ എടുത്ത്, മദ്ബഹായുടെ വാതിൽക്കൽ മ്നോർത്താ മറയാതെ, അല്പം തെക്കോട്ടുമാറി പടിഞ്ഞാറോട്ട് തിരിഞ്ഞ് നിൽക്കുന്നു. ശുശ്രൂഷകർ മർബഹാസകൾ തിരികൾ, മണികൾ എന്നിവ വഹിച്ചുകൊണ്ട് കാർമ്മികന്റെ ഇരുവശങ്ങളിലായി നിൽക്കേണ്ടതാണ്.

www.malankaralibrary.com

10) ശുശ്രൂഷകരിലൊരാൾ കാർമ്മികന് പുസ്തകം കാണിച്ചുകൊടുക്കുന്നു. മറ്റൊരാൾ മൈക്ക് പിടിച്ചുകൊടുക്കുന്നു.

11) പള്ളിയ്ക്കകത്തും ത്രോണോസിലുമുള്ള എല്ലാ വിളക്കുകളും തെളിക്കുന്നു. എല്ലാം തയ്യാറായി കഴിയുമ്പോൾ, ശുശ്രൂഷകരിലൊരാൾ തിരശ്ശീല വലിക്കുകയും ജനത്തിന്റെ പ്രത്യുത്തരം കഴിയുമ്പോൾ എല്ലാ മണികളും അടിക്കുകയും ചെയ്യുന്നു. മൂന്ന് തവണ പ്രസ്താവന ചൊല്ലി ഇത് ആവർത്തിക്കുന്നു.

12) കാർമ്മികൻ കാപ്പായോടുകൂടി കെസ്ത്രൂമായിലിറങ്ങി നമസ്കാരം തുടരുന്നു. രാത്രിപ്രാർത്ഥനയ്ക്കുശേഷം കാർമ്മികനും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിച്ച് ആണ്ടു തക്സായിൽ കൊടുത്തിരിക്കുന്ന പ്രകാരം ശുശ്രൂഷ ആരംഭിക്കുന്നു.

13) പ്രദക്ഷിണം: സെദറായ്ക്കു ശേഷമുള്ള ഗീതത്തെ തുടർന്ന് മ്നോർത്തായിൽനിന്ന് കുരിശ് കാർമ്മികനെടുക്കുന്നു. ശുശ്രൂഷകൻ മ്നോർത്താ മദ്ബഹായുടെ വടക്കുവശത്തേക്ക് മാറ്റിവയ്ക്കുന്നു.

14) വടക്കേവാതിൽ വഴി പ്രദക്ഷിണം ഇറങ്ങുന്നു. കൊടി, കുട, മണി, മർബഹാസ എന്നിവ പ്രദക്ഷിണത്തിനു കരുതണം. ജനം തിരികൾ കത്തിച്ചു പിടിക്കണം. "മറിയാമേ ഞാൻ..." എന്ന ഗാനം പാടുന്നു.

15) പ്രദക്ഷിണത്തിനുശേഷം കുരിശ് കാർമ്മികൻ മ്നോർത്തായിൽ വയ്ക്കുന്നു. ഏവൻഗേലിയോന് ശേഷം കാർമ്മികൻ സ്ലീബാ ആഘോഷം നടത്തുന്നു.

16) സ്ലീബാ ആഘോഷം കഴിഞ്ഞ് കുരിശ് ത്രോണോസിൻമേൽ തബ്ലീത്തായുടെ തെക്കുഭാഗത്തും, ഏവൻഗേലിയോൻ കുരിശിന്റെ തെക്കുഭാഗത്തും വയ്ക്കുന്നു. കാർമ്മികൻ ത്രോണോസും പിന്നെ കുരിശും അവസാനം ഏവൻഗേലിയോനും മുത്തിയിട്ട് വടക്കോട്ട് തിരിഞ്ഞ് നിൽക്കുന്നു. മദ്ബഹായിൽ നിൽക്കുന്നവരെല്ലാം മൂപ്പനുസരിച്ച് ഓരോരുത്തരായി കാർമ്മികൻ ചെയ്തതുപോലെ മുത്തുന്നു. കാർമ്മികനിൽ നിന്ന് കൈമുത്തി സമാധാനം വാങ്ങി കാർമ്മികന്റെ സമീപത്ത് നിൽക്കുന്നു. ഇപ്രകാരം ഓരോരുത്തരും കാർമ്മികനിൽ നിന്നും അടുത്ത് നിൽക്കുന്നവരിൽ നിന്നും സമാധാനം വാങ്ങേണ്ടതാണ്.

17) മേൽപ്പട്ടക്കാരനിൽനിന്ന് സമാധാനം സ്വീകരിക്കുന്നത് സ്ലീബാ മുത്തിയാണ്.

18) തുടർന്ന് കാർമ്മികൻ കെസ്ത്രൂമായിലേക്കിറങ്ങി ഒരു പുരുഷനേയും ഒരു സ്ത്രീയേയും കൈമുത്തിച്ച് സമാധാനം കൊടുക്കുന്നു.

www.malankaralibrary.com

19) തുടർന്ന് മദ്ബഹായിൽ പ്രവേശിച്ച് കുരിശ് മ്നോർത്തായിൽ സ്ഥാപിക്കുന്നു. തുടർന്ന് വി. കുർബ്ബാന ആരംഭിക്കുന്നു.

20) സ്വർഗാരോഹണ പെരുന്നാൾ വരെ കുരിശ് മ്നോർത്തയിൽ ഇരിക്കുന്നു. കാർമ്മികരും ശുശ്രൂഷകരും മദ്ബഹായിൽ പ്രവേശിക്കുമ്പോഴും അവിടെനിന്ന് ഇറങ്ങുമ്പോഴും, ധൂപം വീശുമ്പോഴും ഗോഗുൽത്താ മുത്തേണ്ടതാണ്.

# ദനഹാപെരുന്നാൾ

### മുൻകൂട്ടി ക്രമീകരിക്കേണ്ട കാര്യങ്ങൾ

1. തടിക്കുരിശ് ഇറക്കിവയ്ക്കുമ്പോൾ കുറുകേയുള്ള കവരങ്ങൾ വക്കിൽ തങ്ങിനിൽക്കുന്ന, വാവട്ടം ഉള്ള ഒരു ഭരണിയിൽ ശുദ്ധ ജലം നിറച്ച് വയ്ക്കുക.
2. മരക്കുരിശാണ് ക്രമീകരിക്കേണ്ടത്. അതുപോലെ കുരിശടയാളമുള്ള ഒരു വെള്ള ശോശപ്പ എടുത്ത് വയ്ക്കുന്നു.
3. പ്രദക്ഷിണത്തിന് ആവശ്യമായ കാര്യങ്ങൾ ക്രമീകരിക്കണം.

### ശുശ്രൂഷകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പ്രഭാത പ്രാർത്ഥനയ്ക്കും വി. കുർബ്ബാനയുടെ ഒരുക്ക ശുശ്രൂഷയ്ക്കും ശേഷം കാർമ്മികൻ അംശവസ്ത്രം ധരിക്കുന്നു. ഈ സമയത്ത് ശുശ്രൂഷയ്ക്കിടെ വായിക്കാനുള്ള പഴയനിയമ വായനകൾ ശുശ്രൂഷകൻ നടത്തുന്നു.
2. വെള്ളം നിറച്ച ഭരണിക്ക് ഉള്ളിലേക്ക് തടിക്കുരിശ് വച്ച് ഒരു ശോശപ്പാ കൊണ്ട് മൂടിയ ശേഷം അത് ഒരു ശുശ്രൂഷകനെ ഏൽപ്പിക്കുന്നു. തുടർന്ന് പ്രദക്ഷിണം നടത്തുന്നു. തെക്കേവാതിൽ വഴി അകത്ത് പ്രവേശിച്ച് പ്രാർത്ഥനാ മേശമേൽ കാർമ്മികൻ വെള്ളം നിറച്ച സ്ഫടികഭരണി വയ്ക്കുന്നു. ഇരുവശങ്ങളിലും കത്തിച്ച മെഴുകുതിരിവച്ച് ശുശ്രൂഷ ആരംഭിക്കുന്നു.
3. വി. കുർബാനയിലേ പോലെ പ്രുമിയോൻ സെദറ എന്നിവയ്ക്ക് ശേഷം ഭൂവിലശേഷം, പൗലോസ് ശ്ലീഹ... എന്നിവ പാടി വായനകൾ നടത്തുന്നു. ശുശ്രൂഷകൻ യഥാക്രമം മദ്ബഹായുടെ പടികളിൽ വടക്കും തെക്കും വശങ്ങളിൽ നിന്ന് വായനകൾ നടത്തുന്നു. അതിനുശേഷം ഏവൻഗേലിയോൻ കാർമ്മികൻ വായിക്കുന്നു. തുടർന്ന് രണ്ട് ശുശ്രൂഷകർ പടിഞ്ഞാറോട്ട് നിന്ന് ലുത്തിനിയ പ്രാർത്ഥനകൾ

www.malankaralibrary.com

ചൊല്ലുന്നു. രണ്ടാമത്തെ പ്രുമിയോൻ സെദറായ്ക്കുശേഷം വി. കുർബാനയിലെപ്പോലെ ധൂപക്കുറ്റി വാഴ്വിനായി പ്രധാനശുശ്രൂഷകൻ ധൂപക്കുറ്റിപിടിച്ചു കൊടുക്കുന്നു. മർബഹാസകൾ കിലുക്കുന്നു. വിശ്വാസപ്രമാണം ചൊല്ലുമ്പോൾ പടിഞ്ഞാറേവാതിൽ വരെ ധൂപം വീശണം.

4. കാർമ്മികൻ ശോശപ്പാ ആഘോഷിക്കുമ്പോഴും കൈകൾ ആവസിപ്പിക്കുമ്പോഴും മർബഹാസകളും മണിയും കിലുക്കണം.

5. സ്ലീബാ ഭരണിയിൽവച്ച് 'ഹൗദ് മാലാഖ'... ചൊല്ലുമ്പോൾ, സ്ലീബാ ആഘോഷത്തിന് സാധാരണ ചെയ്യാറുള്ള ക്രമീകരണങ്ങൾ ചെയ്യുക.

6. തുടർന്ന് കാർമ്മികൻ മാമോദീസ തൊട്ടിയുടെ സമീപത്തേക്ക് പ്രദക്ഷിണമായി സ്ഫടിക ഭരണി വഹിച്ചുകൊണ്ട് പോകുന്നു. ഭരണിയിൽ നിന്ന് കാർമ്മികൻ സ്ലീബായെടുത്ത് മാമോദീസ തൊട്ടിയിൽ വച്ച് കുരിശിന്റെ അഗ്രങ്ങളിൽ വെള്ളത്തിന്റെ ഏതാനും തുള്ളികൾ കിഴക്കും, പടിഞ്ഞാറും, വടക്കും തെക്കുമായി ഒഴിക്കണം. കുരിശ് അകത്തുവച്ച് മാമോദീസാ തൊട്ടി അടയ്ക്കുന്നു. പ്രദക്ഷിണമായി മദ്ബഹായിലേക്ക് പോകുന്നു. വി. കുർബ്ബാനയ്ക്കുശേഷം വാഴ്ത്തപ്പെട്ട ജലം വിശ്വാസികൾക്ക് നൽകുന്നു. ബാക്കി പള്ളിയിൽ സൂക്ഷിക്കുന്നു.

## സ്വർഗാരോഹണം

പ്രഭാത നമസ്കാരത്തിനും ഒരുക്ക ശുശ്രൂഷയ്ക്കും ശേഷം കാർമ്മികൻ അംശവസ്ത്രം ധരിച്ച് പ്രദക്ഷിണം നടത്തുന്നു. പ്രദക്ഷിണം കഴിഞ്ഞ് ദൈവാലയത്തിൽ പ്രവേശിച്ച് സ്ലീബാ ആഘോഷം നടത്തുന്നു. അതിനുശേഷം വി. കുർബാന തുടരുന്നു. ശുശ്രൂഷകർ പ്രദക്ഷിണത്തിനും സ്ലീബാ ആഘോഷത്തിനുമുള്ള സാധാരണ ക്രമീകരണങ്ങൾ ചെയ്യുക.

## പെന്തിക്കോസ്തി



### മുൻകൂട്ടി ക്രമീകരിക്കേണ്ട കാര്യങ്ങൾ

1. മൂന്നു പാത്രങ്ങൾ കരുതുക. അതിൽ ഒന്നിൽ വെള്ളം ഒഴിച്ചുവയ്ക്കുക.
2. വെള്ളം തളിക്കുന്നതിനുള്ള സോപ്പ ഉണ്ടാക്കണം.

www.malankaralibrary.com

## ശുശ്രൂഷയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വി. കുർബാനയിൽ ദൈവമാതാവിനോടും പരിശുദ്ധന്മാരോടുമുള്ള കുക്കിലിയോനുശേഷം പെന്തിക്കോസ്തിയുടെ ശുശ്രൂഷ ആരംഭിക്കുന്നു. മൂന്നു പാത്രങ്ങൾ ദർഗാമേൽ വയ്ക്കുകയും, നടുക്കിരിക്കുന്ന പാത്രത്തിൽ മാത്രം വെള്ളം വയ്ക്കുകയും വേണം. വെള്ളം തളിക്കുന്നതിനുള്ള സോപ്പായും വച്ചിരിക്കണം.
2. വേദവായനകൾക്കും ഏവൻഗേലിയോനുംശേഷം ശുശ്രൂഷകർ രണ്ടുപേർ ലുത്തിനിയ ചൊല്ലുന്നു. ലുത്തീനിയായുടെ അവസാനം 'നാം മുട്ടുകുത്തി പ്രാർത്ഥിക്കണം' എന്ന് ശുശ്രൂഷകൻ പറയുന്നു. അതിനുശേഷം കുറിയേലായിസോൻ' എന്ന് ചൊല്ലിക്കൊടുക്കണം.
3. രഹസ്യ പ്രാർത്ഥനയ്ക്ക് ശേഷം ശുശ്രൂഷകൻ പാത്രം എടുത്ത് കാർമ്മികന് പിടിച്ച്കൊടുക്കുന്നു. കാർമ്മികൻ ജനത്തിൻമേൽ വെള്ളം തളിക്കുന്നു.
4. കാർമ്മികൻ വെള്ളം തളിക്കുന്ന സമയത്ത് ഇരുവശവും കത്തിച്ച മെഴുകുതിരികളും മർബഹാസയും പിടിച്ചുകൊണ്ട് ശുശ്രൂഷകർ നടക്കുന്നു.

www.malankaralibrary.com

# കൂദാശാനുകരണങ്ങൾ

www.malankaralibrary.com

## ഭവനാശീർവാദം

1. ഭവനാശീർവ്വാദത്തിന് പോകുമ്പോൾ കറുത്തകുപ്പായം, ഹയ്മ്നിയ, ചെറിയ കുരിശ്, മെഴുകിതിരികാലുകൾ, ധൂപക്കുറ്റി, കുന്തിരിക്കം എന്നിവ എടുക്കുക.
2. ഒരു മേശയൊരുക്കി അതിന്മേൽ കുരിശും രണ്ടുമെഴുകുതിരികളും വി. വേദപുസ്തകവും, കുരിശിന്റെ മുമ്പിൽ ഒരു പാത്രം വെള്ളവും, വെള്ളം തളിക്കുന്നതിനുള്ള ഇലകളും വയ്ക്കുക.
3. കാർമ്മികന് കറുത്തകുപ്പായവും ഹയ്മ്നിയായും എടുത്ത് കൊടുക്കുക.
4. ഏവൻഗേലിയോൻ വായിക്കുമ്പോൾ ഗൃഹനാഥൻ അല്ലെങ്കിൽ കുടുംബത്തിലൊരാൾ വെള്ളം വച്ചിരിക്കുന്ന പാത്രം ഏവൻ ഗേലിയോന്റെ അടിയിൽ പിടിച്ചുകൊണ്ട് കാർമ്മികന്റെ മുമ്പിൽ നിൽക്കണം. ശുശ്രൂഷകർ ഇരുവശവും തിരികൾ പിടിക്കുന്നു.
5. പ്രുമിയോൻ സെദറാ ചൊല്ലുമ്പോൾ മുറികളിൽ ശുശ്രൂഷകൻ ധൂപം വീശുന്നു.
6. കട്ടിളപടികളും മറ്റും റൂശ്മാചെയ്യുമ്പോൾ ധൂപക്കുറ്റിയുമായി ശുശ്രൂഷകൻ കാർമ്മികനെ അനുഗമിക്കുന്നു.
7. ഒരു ഭവനം ആദ്യമായി ആശീർവദിക്കുമ്പോൾ ഏവൻഗേലിയോൻ വായിക്കുന്നതിനു മുമ്പ് പഴയനിയമത്തിൽ നിന്നും പുതിയ നിയ മത്തിൽ നിന്നുമുള്ള ഭാഗങ്ങളും വായിക്കാവുന്നതാണ്. (പുറ. 12:1–14, സുഭാ: 3:1–12, ഏശ 61:1–9, അ.പ്ര: 10:1–7, 2 കോറി 5:110).

## മൃതസംസ്കാരം

1. മരണ വീട്ടിൽ മൃതദേഹത്തിന്റെ തല കിഴക്കോട്ട് അഭിമുഖമായിട്ടാണ് വയ്ക്കേണ്ടത്. തലയ്ക്കൽ കുരിശും മെഴുകുതിരികളും വയ്ക്കുന്നു.
2. ഭവനത്തിൽ വച്ചുനടക്കുന്ന പ്രാർത്ഥനകളിൽ ആവശ്യമായ സമയങ്ങളിൽ ധൂപാർപ്പണം നടത്തുക എന്നതുമാത്രമാണ് ശുശ്രൂഷകന്റെ ചുമതല. ശുശ്രൂഷകൾക്കിടയിലുള്ള സെദറയുടെയും കുക്കിലിയോന്റെയും സമയത്ത് കുന്തിരിക്കം ഇടുവിച്ചശേഷം

www.malankaralibrary.com

മൃതശരീരത്തിന്റെ തലഭാഗത്തുവച്ചിരിക്കുന്ന കുരിശിനു നേരെയും തുടർന്ന് മേൽപ്പട്ടക്കാരൻ ഉണ്ടെങ്കിൽ മേൽപ്പട്ടക്കാരനെ വീശി സ്ലീബമുത്തണം തുടർന്ന് പട്ടക്കാർക്ക് ധൂപം വീശണം ശേഷം മൃതശരീരത്തിന്റെ വലതുവശത്തുകൂടി വീശി, കാൽഭാഗത്തെത്തി ഇടതു വശത്തുകൂടി കുരിശിന്റെ മുമ്പിൽ വരെ ധൂപം വീശണം തുടർന്ന് ജനങ്ങളുടെയും നേരെയും ധൂപം വീശണം. മക്കളിലപ്പൻ എന്ന് കുക്കിലിയോൻ ചൊല്ലുമ്പോൾ പ്രധാന കാർമ്മികനാണ് ധൂപം വീശുന്നത്.

3. പള്ളിയിലേക്കുള്ള വിലാപയാത്രയിൽ കുരിശും മെഴുകുതിരികളും മുമ്പിൽ പിടിച്ചിരിക്കണം. പള്ളിയിൽ മൃതദേഹം വയ്ക്കാൻ ദൈവാലയത്തിന്റെ മദ്ധ്യഭാഗത്ത് മേശ നേരത്തേ ക്രമീകരിച്ചിരിക്കണം. മൃതദേഹം പള്ളിയിലെത്തിക്കുമ്പോൾ മദ്ബഹായുടെ തിരശീല നീക്കുന്നു.

4. പള്ളിയിൽ ധൂപം വീശുന്നക്രമം: കുന്തിരിക്കം ഇടുവിച്ചശേഷം കാർമ്മികന്റെ വലതുവശത്ത് നിന്ന് കുരിശിനും അവിടെ നിന്നു തന്നെ ത്രോണോസിനും വീശി തുടർന്ന് മേൽപ്പട്ടക്കാരൻ സന്നിഹിതനാണെങ്കിൽ മേൽപട്ടക്കാരന് ധൂപം വീശി സ്ലീബാ മുത്തിയതിന് ശേഷം പട്ടക്കാർക്കും ധൂപം വീശുന്നു. തുടർന്ന് തെക്കുവശത്തുകൂടി കിഴക്കുവശത്തുവന്ന് പടിഞ്ഞാറോട്ട് തിരിഞ്ഞ് മൂന്നു തവണ മൃതദേഹത്തിനു വീശുന്നു. തുടർന്ന് വടക്കുവശത്തുകൂടി പടിഞ്ഞാറോട്ട് വന്ന് കാർമ്മികന്റെ ഇടതുവശത്ത് നിന്ന് കുരിശിന് വീശുന്നു. തുടർന്ന് ഇടതുവശം തിരിഞ്ഞ് ജനങ്ങൾക്കുനേരെ പതിവുപോലെ വീശിയശേഷം കുരിശിന് വീണ്ടും മൂന്നുപ്രാവശ്യം വീശി കാർമ്മികന്റെ കൈമുത്തി അവസാനിപ്പിക്കുന്നു.

5. ലേഖനങ്ങൾ മദ്ബഹായുടെ പടികളിലോ, മൃതശരീരത്തിന്റെ കിഴക്കുവശത്ത് വടക്കോട്ട് മാറി നിന്ന് ഒന്നാം ലേഖനവും തെക്കോട്ട് മാറിനിന്ന് രണ്ടാം ലേഖനവും വായിക്കാവുന്നതാണ്. ഏവൻഗേലിയോൻ മദ്ബഹായിൽ നിന്നാണ് വായിക്കുന്നത്.അതിനുശേഷം തെക്കുവശത്ത് ഒരുപടി ഇറങ്ങിനിന്നു രണ്ട് ശുശ്രൂഷകർ ലുത്തിനിയ വായിക്കുന്നു.

6. കുഴിയുടെ തെക്കുവശത്ത് കിഴക്കുപടിഞ്ഞാറായി മൃതശരീരം വയ്ക്കുന്നു. ഒന്നുകിൽ പള്ളിയ്ക്കകത്തുവച്ചോ അല്ലെങ്കിൽ കബറിങ്കൽ വച്ചോ മൃതദേഹത്തിൽ തൈലം ഒഴിക്കാവുന്നതും

www.malankaralibrary.com

മണ്ണിടാവുന്നതുമാണ്. അതുകൊണ്ട് മൃതശരീരത്തിൽ ഒഴിക്കാനുള്ള തൈലവും, ഇടാനുള്ള മണ്ണും മുൻകൂട്ടി ക്രമീകരിക്കേണ്ടതാണ്.

7 കബറിലേക്ക് പോകുമ്പോഴും ധൂപക്കുറ്റികൊണ്ടുപോകണം കബർ ആശീർവദിക്കുമ്പോഴും അവസാനത്തെ കുക്കിലിയോൻ ചൊല്ലുമ്പോഴും കാർമ്മികൻ ധൂപം വീശുന്നു.

## മരിച്ചവർക്കുവേണ്ടി ധൂപം വയ്ക്കുന്നത്

1. അൽമായർക്കുവേണ്ടി പ്രാർത്ഥന നടത്തുമ്പോൾ ഹൈക്കലായിൽ മധ്യഭാഗത്തായി ഒരു പുൽപ്പായയോ, വെള്ളത്തുണിയോ നിലത്ത് കിഴക്കുപടിഞ്ഞാറായി ഇടുകയും, അതിന്റെ മുകളിൽ കുരിശടയാളമുള്ള കറുത്തതുണി വിരിക്കുകയും പടിഞ്ഞാറുഭാഗത്ത് കുരിശും കുരിശിന്റെ ഇരുവശങ്ങളിൽ മെഴുകുതിരികൾ വയ്ക്കുകയും വേണം.

2. വൈദികർക്ക് ധൂപപ്രാർത്ഥന നടത്തുമ്പോൾ: മദ്ബഹായിൽ മധ്യഭാഗത്ത് ഒരു വെള്ള തുണിയുടെ മുകളിൽ ഹയ്മ്നിയ (ഊറാറ) വിരിക്കുന്നു. ഊറാറയുടെ കഴുത്തുഭാഗം പടിഞ്ഞാറുവശത്ത് ആയിരിക്കണം. കുരിശ് പടിഞ്ഞാറുവശത്തായിരിക്കണം വയ്ക്കേണ്ടത്.

3. മേൽപ്പട്ടക്കാരുടെ ധൂപപ്രാർത്ഥന നടത്തുമ്പോൾ, മദ്ബഹായിൽ ഒരു ചുവന്നതുണിവിരിക്കുന്നു. അതിനുമുകളിൽ മേൽപ്പട്ടക്കാരുടെ പത്രസീൻ (വലിയ ഊറാറ) അല്ലെങ്കിൽ രണ്ട് ഹയ്മ്നിയ ചേർത്ത് കഴുത്ത്വശം പടിഞ്ഞാറായി വിരിക്കേണ്ടതാണ്. മേൽപ്പട്ടക്കാർക്കും പടിഞ്ഞാറ് തന്നെയാണ് കുരിശ്വയ്ക്കുന്നത്. നാല് തിരികൾ (കിഴക്കും പടിഞ്ഞാറും) വയ്ക്കേണ്ടതാണ്.

www.malankaralibrary.com

# ആരാധനാ ക്രമത്തിലെ സുറിയാനി, ഗ്രീക്ക് പദങ്ങളുടെ അർത്ഥം

| | | |
|---|---|---|
| ആലോഹോ | = | ദൈവം |
| ആമ്മീൻ | = | അപ്രകാരംതന്നെ |
| ബാറെക്മോർ | = | കർത്താവേ അനുഗ്രഹിച്ചാലും |
| സ്തൗമെൻകാലൊസ് | = | നമുക്കു നന്നായി നില്ക്കാം |
| കുറിയേലായിസ്സോൻ | = | കർത്താവേ, ഞങ്ങളോട് കരുണചെയ്യണമേ |
| മൊറിയോ | = | കർത്താവ് |
| മോറാൻ | = | ഞങ്ങളുടെ കർത്താവ്/ നാഥൻ |
| ശ്ലോമ്മോ | = | സമാധാനം |
| ശൈനോ | = | ശാന്തി |
| മൊറിയോറാഹേം | | |
| അലൈൻ | | |
| ഊ ആദാറൈൻ | = | കർത്താവേ, കരുണ തോന്നി ഞങ്ങളെ സഹായിക്കണമേ |
| സ്ലീബാ | = | കുരിശ് |
| ഏവൻഗേലിയോൻ | = | സുവിശേഷം |
| റൂഹാ | = | ആത്മാവ്/ പരിശുദ്ധാത്മാവ് |
| പാറക്ലലീത്ത | = | ആശ്വാസപ്രദൻ/പരിശുദ്ധാത്മാവ് |
| കാദീശ് (കാദീശോ) | = | പരിശുദ്ധൻ |
| നിബിയ | = | പ്രവാചകൻ |
| ശ്ലീഹാ | = | അപ്പോസ്തോലൻ/ ദൈവത്താൽ അയയ്ക്കപ്പെട്ടവൻ |
| സഹദാ | = | രക്തസാക്ഷി |
| മല്പാൻ | = | ഗുരു |
| കൊഹനൊ (കഹനാ) | = | വിശുദ്ധകർമ്മം അനുഷ്ഠിക്കുന്നവൻ/ വൈദികൻ |
| കശ്ശീശാ | = | ശ്രേഷ്ഠൻ (പുരോഹിതൻ) |
| ശെമ്മാശൻ | = | ശുശ്രൂഷകൻ, സഹായി |
| ദയറാ | = | സന്യാസാശ്രമം |
| ദയറായക്കാർ | = | സന്യാസം സ്വീകരിച്ചിരിക്കുന്നവർ |
| മാലാഖ | = | (ദൈവ)ദൂതൻ |
| ഈറേ മാലാഖ | = | ജാഗരൂകതയോടെ പ്രവർത്തിക്കുന്ന മാലാഖ |
| മസ്മൂറാ | = | സങ്കീർത്തനം |

www.malankaralibrary.com

| | | |
|---|---|---|
| ബോവൂസൊ | = | അപേക്ഷ |
| ഫെസ്ഗോമൊ | = | പ്രതിവാക്യം |
| എനിയൊനൊ | = | പ്രതിവാക്യപ്രാർത്ഥന |
| ഹാലേലുയ്യാ | = | സ്തുതി |
| ഓശാന | = | രക്ഷിക്കണമേ/മഹത്ത്വം |
| ഹാശാ | = | കഷ്ടാനുഭവം |
| ആബൂൻ | = | നമ്മുടെ പിതാവ് |
| ശുബ്ഹോ, ലാബോ, ഉ ലബ്രോ, വൽ റൂഹോകാദീശോ. | = | പിതാവിനും, പുത്രനും, പ. റൂഹായ്ക്കും സ്തുതി |
| മെൻഓലം വാദാമൊ ല്ഓലം ഒൽമീനാമ്മീൻ | = | ആദിമുതൽ എന്നെന്നേക്കും ആമ്മീൻ |
| മൗദ്യോനൊ | = | വിശ്വാസസാക്ഷി (വിശ്വാസം ഏറ്റുപറയുന്നവൻ) |
| മൗദ്യോനീസോ | = | വിശ്വാസ പ്രകരണം |
| പ്രുമിയോൻ | = | ആമുഖം |
| സെദറാ | = | ക്രമം, നിര |
| എത്രോ | = | ധൂപാർപ്പണ പ്രാർത്ഥന |
| ക്രിസ്തു (മിശിഹാ) | = | അഭിഷിക്തൻ |
| യേശു | = | രക്ഷകൻ |
| കോലൊ | = | ശബ്ദം (ഗീതം) |
| യൽദാ | = | കർത്താവിന്റെ ജനനം (ക്രിസ്മസ്) |
| മായൽത്തോ | = | കർത്താവിന്റെ ദൈവാലയ പ്രവേശനം |
| ദനഹാ | = | ഉദയം (കർത്താവിന്റെ മാമോദീസാ) |
| ക്യംതാ | = | ഉയിർപ്പ് (ഈസ്റ്റർ) |
| സൂലോക്കോ | = | സ്വർഗാരോഹണം |
| ശൂനോയോ | = | സ്വർഗാരോപണം |
| പെന്തിക്കൊസ്തി | = | അൻപതാം ദിവസം (പരിശുദ്ധാത്മാവ് ശ്ലീഹന്മാരുടെ മേൽ വന്ന ദിവസം) |
| എപ്പിസ്ക്കോപ്പാ | = | മെത്രാൻ |
| മദ്ബഹാ | = | ബലിയർപ്പിക്കുന്ന സ്ഥലം |
| കെസ്ത്രൂമാ | = | അഴിക്കകം (വൈദിക സംഘം നിൽക്കുന്ന സ്ഥലം) |
| ഹൈക്കലാ | = | വിശ്വാസികൾ നിൽക്കുന്ന സ്ഥലം |
| ദർഗാ | = | പടി/പദവി |